

എന്റെ രാഷ്ട്രീയം ഭൗമികമാകുന്നു.
എല്ലാ രാഷ്ട്രങ്ങളും കൊഴിഞ്ഞാലും
ഒരൊറ്റ പുഴുവിന്റെ അവകാശത്തിനുവേണ്ടി
അതു തുടർന്നു കൊണ്ടിരിക്കും
-മേതിൽ രാധാകൃഷ്ണൻ 156

# ലിറ്റിൽ മാസിക

2015 മെയ്



നിങ്ങൾ അറിയപ്പെടുന്ന ഒരാളല്ലായിരിക്കാം. നിങ്ങൾ ഇതുവരെ പുസ്തകങ്ങൾ ഒന്നും എഴുതിയിട്ടില്ലായിരിക്കാം. പക്ഷെ മറ്റുള്ളവരെ പ്രചോദിപ്പിക്കുന്ന പലതും നിങ്ങളുടെ ജീവിതാനുഭവങ്ങളിലുണ്ടാവാം. മഹാൻമ്മാരെന്നു പറയപ്പെടുന്നവർക്കു മാത്രമല്ലാ പ്രചോദിപ്പിക്കുന്ന ജീവിതമുള്ളത്.അനുഭവങ്ങളുള്ളത്... ഒരോരുത്തരുടെയും ജീവിതാനുഭവങ്ങൾ മഹത്തരങ്ങളാണ്. അത് ഏറ്റവും ചെറുതാവാം, ഏറ്റവും സാധാരണമായ ഒന്നിനെപ്പറ്റിയാവാം. . അനുഭവങ്ങൾ അത് എന്തെങ്കിലുമാവട്ടെ അതിന്റെ സത്യസന്ധതയും സ്വാഭാവികതയുമാണ് പ്രധാനം.. ഏത് ചെറിയ കാര്യവും മാസികയ്ക്ക് പ്രധാനമാണ്.അതിനാൽ സുഹൃത്തെ എഴുതുക...


ലിറ്റിൽ മാസിക

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334

Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

ലക്കം

156

Copy left



എഡിറ്റർ
ബിജു ജോൺ

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
അബ്ദുള്ളക്കുട്ടി എടവണ്ണ

മാനേജിംഗ് എഡിറ്റർ
ജയപ്രകാശ് നിലമ്പൂർ

എക്സിക്യൂട്ടീവ് എഡിറ്റർ
പി.എം. ജോൺ

പത്രാധിപ സമിതി
സതീഷ് ചളിപ്പാടം
ചന്ദ്രബാബു തൃക്കലങ്ങോട്

സ്പെഷ്യൽ കറസ്പോണ്ടന്റ്
ഹാരിസ് നെന്മേനി

ടൈപ്പ് സെറ്റിംഗ്
ജസീല

ലേഔട്ട്
ലിമാ ക്രിയേറ്റീവ്

പ്രിന്റിംഗ്
എ-വൺ ഓഫ്സെറ്റ്
രാമനാട്ടുകര


# അറിയാത്തവർക്ക്

**പി.ആർ. നാഥൻ**

ഗ്രാമത്തിലെ ആൽത്തറയിൽ വന്നുനിന്ന് ജനങ്ങളോട് സംസാരിക്കുകയാണ് ഒരു വ്യക്തി. അദ്ദേഹത്തെ കളിയാക്കി ജനങ്ങൾ ഗുരുനാഥൻ എന്നു വിളിച്ചുതുടങ്ങി. അയാളുടെ വർത്തമാനം ഏകദേശം ഒരു ഗുരുനാഥന്റെ പോലെത്തന്നെയാണ്. ചിലർ പറഞ്ഞുണ്ടാക്കി, അയാൾക്ക് വട്ടാണെന്ന്. ഇനി അയാൾ പറയുന്ന കാര്യങ്ങൾ എന്താണെന്ന് ശ്രദ്ധിക്കുക.

സൂര്യൻ കിഴക്കാണ് ഉദിക്കുന്നത്. എട്ടും നാലും കൂടിച്ചേർന്നാൽ പന്ത്രണ്ടാകും. രണ്ട് കൈകൾക്കും കൂടി ആകെ പത്തു വിരലുകളാണുള്ളത്. കേരളത്തിന്റെ തലസ്ഥാനം തിരുവനന്തപുരം ആകുന്നു.

ഏകദേശം ഇതിന് സമാനമായ കാര്യങ്ങളാണ് അയാൾ പറയുന്നത്. കേൾക്കുന്നവരെല്ലാം പരിഹസിക്കും. ഇതൊക്കെ ആർക്കാണ് അറിയാത്തത്. അദ്ദേഹം ഇടയ്ക്കിടെ ആൽത്തറയിൽ നിന്ന് പ്രഭാഷണങ്ങൾ നടത്തും. വാത്മീകിയാണ് രാമായണമെഴുതിയത്. രാവണന് പത്തു തലകളുണ്ട് എന്നൊക്കെ പറയുമ്പോൾ ചിലർ മുഖം ചുളിക്കും. ഇയാളുടെ വർത്തമാനത്തിന് ഒട്ടും ആഴമില്ല.

ഒരു ദിവസം അയാളുടെ ഭാര്യ അയാളോട് ചോദിച്ചു: "നിങ്ങൾ പറയുന്ന കാര്യങ്ങൾ എല്ലാവർക്കും അറിയുന്നവയാണെന്നും വിഷയത്തിന് തീരെ ആഴമില്ലെന്നും ചിലർ പറയുന്നല്ലോ."

" അവർ പറയുന്നത് നൂറുശതമാനവും ശരിയാണ്. ഞാൻ അവരുടെ അഭിപ്രായത്തോട് യോജിക്കുന്നു". " എങ്കിൽ നിങ്ങൾ സംസാരിക്കുന്നത് എന്തിനാണ്?"

" ഞാൻ സംസാരിക്കുന്നത് ഇതൊക്കെ അറിയാത്തവർക്കുവേണ്ടിയാണ്. എന്നേക്കാൾ വലിയ പണ്ഡിതൻമാർക്കു വേണ്ടിയല്ല ഞാൻ സംസാരിക്കുന്നത്. സൂര്യൻ ഉദിക്കുന്നത് കിഴക്കാണെന്ന് അറിയാത്ത എത്രയോ ആളുകൾ ഉണ്ട്. എട്ടും നാലും പന്ത്രണ്ട് എന്ന് അറിയാത്ത ധാരാളം ആളുകളുണ്ട്. അറിയാത്തവർക്കു വേണ്ടി സംസാരിക്കുമ്പോൾ ചിലർ പണ്ഡിതരെന്നു ഭാവിച്ച് നമ്മെ വിമർശിക്കും. അത്തരം വിമർശനങ്ങളെ പുച്ഛിച്ചു തള്ളണം. തർക്കിച്ച് സമയം കളയരുത്. അദ്ദേഹം പറഞ്ഞു. ഞാൻ ഒരു ഗുരുനാഥൻ തന്നെയാണ്. ഞാൻ പറയുന്നതെന്തും അത് അറിയാത്തവർക്കുള്ളതാണ്."

## Little Drops...

വളരെ ചെറിയ കാര്യങ്ങൾ കൊണ്ട് ഒരു ബന്ധത്തെ മനോഹരമാക്കാൻ കഴിയും. ചിലപ്പോൾ ഒരു പുഞ്ചിരി മതി, അയാളുടെ ഹൃദയം നിങ്ങൾക്കു മുമ്പിൽ തുറക്കപ്പെടും. ചില സമയത്തെ നിങ്ങളുടെ തെറ്റായ ഒരു നോട്ടം മതിയാകും നിങ്ങൾക്കു മുമ്പിൽ തുറന്നിട്ട ഒരു ജാലകം കൊട്ടിയടക്കപ്പെടാൻ. ഇത് സുന്ദരമായൊരു പ്രതിഭാസമാണ്. ഇതൊരു കലയാണെന്നു കരുതുക.

**-ഓഷോ**

പത്ത് തെങ്ങ് നട്ടു പിടിപ്പിച്ചിട്ടുണ്ടെങ്കിൽ അവയിലൊന്നിന്റെ ചുവട്ടിൽ കിളച്ചുമറിക്കുന്നതാണ് ഏറ്റവും നല്ല വ്യായാമം. ഇതിനെല്ലാം പകരമായി, ജിംനേഷ്യത്തിലും മറ്റ് വ്യായാമമുറകളിലുമേർപ്പെടുകയാണ് നമ്മുടെ ചെറുപ്പക്കാർ ചെയ്യുന്നത്. എന്റെ സുഹൃത്തും കൃഷിക്കാരനുമായ അഹമ്മദ് ബാവ ഒരിക്കൽ പറയുകയുണ്ടായി, വിയറ്റ്നാമിലെ ജനങ്ങൾ 45 കിലോയേക്കാൾ ശരീരഭാരം കൂടുതലുള്ളത് അപമാനമായ കാണുന്നവരാണെന്ന്. അത്രയധികം അദ്ധ്വാനിക്കാൻ ഇഷ്ടപ്പെടുന്നവരാണവർ

**-പി. സുരേന്ദ്രൻ**

ചെറിയ കാര്യങ്ങളിൽ നിന്ന് എത്ര വലിയ സംഭവങ്ങളാണുണ്ടാകാറുള്ളതെന്നു ചില നേരങ്ങളിൽ ഞാൻ ചിന്തിക്കുമ്പോൾ.... ചെറിയ കാര്യങ്ങളെന്ന ഒന്നില്ലെന്നു ചിന്തിക്കാൻ ഞാൻ നിർബന്ധിതനാകുന്നു.

**-ബ്രൂസ് ബാർട്ടൺ**

# അണ്ണാറക്കണ്ണനെ കണ്ടവരുണ്ടോ?

തെങ്ങിലും മാവിലും മറ്റു മരങ്ങളിലും പറമ്പിലും വീടിന്റെ മുറ്റത്തും അടുക്കള ഭാഗത്തും ഓടിയും ചാടിയും കലപില കൂട്ടിയും എപ്പോഴും കണ്ടിരുന്ന അണ്ണാനെ ഇപ്പോൾ വളരെ അപൂർവ്വമായേ കാണുന്നുള്ളൂ. കാലത്തും വൈകിട്ടും മുറ്റത്തിട്ടു കൊടുക്കുന്ന അന്നവും പയർവർഗ്ഗങ്ങളും കഴിച്ചിരുന്ന അവ എവിടെപ്പോയി?

സമൃദ്ധമായുണ്ടായിരുന്ന മാങ്ങയും ചക്കയും ഇല്ലാതായതും പഴവർഗ്ഗങ്ങൾ വിളയാത്തതും മരങ്ങൾ മുറിച്ചുമാറ്റിയതും അവയുടെ ആവാസ വ്യവസ്ഥയ്ക്കു ഭീഷണിയായി. മരങ്ങളിൽ ചകിരിനാരുകൊണ്ടു കൂടൊരുക്കി മഴക്കാലത്തേക്ക് മാങ്ങയും അണ്ടിയും ചക്കക്കുരുവും സംഭരിക്കുന്ന കാലം എങ്ങോ മറഞ്ഞു.

പ്രജനന കാലത്ത് രണ്ടും അതിൽ കൂടുതലും കുട്ടികളെ പ്രസവിക്കുന്നവ അന്യം നിന്നുപോകുന്ന അവസ്ഥ വന്നു. ഈയിടെ അമേരിക്കയിൽ മകന്റെ ജോലിസ്ഥലത്തു പോയപ്പോൾ അവിടെ അണ്ണാനെ ധാരാളം കാണാനായി. അവയ്ക്ക് ഇവിടെയുള്ളതിന്റെ പുറത്തുള്ള മൂന്നുവരകൾ കണ്ടില്ല; ശ്രീരാമൻ തഴഞ്ഞതായിരിക്കും! മരം കൊണ്ടുള്ള താമസ സ്ഥലത്ത് അവന് ഭക്ഷണത്തിനു കാവൽ നിൽക്കും. ഭക്ഷണസാധനം കൈയിൽ വെച്ചു നീട്ടിയാൽ ഭയമില്ലാതെ വാങ്ങി വായിൽ കടിച്ചുവെച്ച് അടുത്തുള്ള മരങ്ങളിലേക്കു പോകും. ഒരു മരം പോലും അവിടെ മുറിച്ചുമാറ്റാറില്ല. വാഹനം വെയ്ക്കുന്ന സ്ഥലവും വീടും ഫുട്പാത്തുമൊഴികെ റോഡുകളിലും മറ്റെല്ലായിടങ്ങളിലും മരവും ചെടികളുമാണ്. മരങ്ങളുടെ ചില്ലയും കൊമ്പും ഒടിഞ്ഞുവീണാൽ അപ്പപ്പോൾ വഴിതടസ്സമൊഴിവാക്കി, ഫാക്ടറികളിൽ കൊണ്ടുപോയി ചെറിയ കഷ്ണങ്ങളാക്കി മരങ്ങൾക്കുതന്നെ വളമായുപയോഗിക്കുന്നു. വഴിതടസ്സമില്ലാത്തത് ഭൂമിയിൽ കിടന്ന് ജൈവവളമായി മാറുന്നു. വീടുകൾക്കുവേണ്ടി മരങ്ങൾ അവിടെ മുറിക്കുന്നില്ല. എങ്ങും കാനനഭംഗി. ഋതുക്കൾക്കനുസരിച്ച് ചില മരങ്ങളിൽ ഇലകളുടെ നിറം മാറുന്നു. നട്ടുവളർത്താനും സംരക്ഷിക്കാനും ആത്മാർത്ഥമായി ഷിഫ്റ്റിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ. ഓർമയിൽത്തങ്ങിയതു സൂചിപ്പിച്ചെന്നേയുള്ളൂ.

ഒരു മരത്തിന് വല്ല പോറലുമേൽപിച്ചാൽ അവൻ പിഴയും തടവും അനുഭവിച്ചതുതന്നെ. അതിന് അപ്പീലില്ല. ഹാ, നമ്മുടെ കാര്യം കഷ്ടം തന്നെ. ആണിയടിച്ചും തീയിട്ടും കട്ടുമുറിച്ചുമാറ്റിയും ഇവിടെ ആഹ്ളാദിക്കുന്നു. ഈ പോക്കുപോയാൽ നമ്മുടെ ജൈവസമ്പത്തും ജീവജാലങ്ങളും സൂക്ഷ്മജീവികളും കാലക്രമത്തിൽ നമ്മുടെ ഭാവിതലമുറയും അപ്രത്യക്ഷമാകുമെന്ന് ശാസ്ത്രം വ്യക്തമാക്കുന്നു.

---

എഡിറ്റോറിയൽ പോളിസി

## ചോദ്യോത്തരം



*ലിറ്റിൽ മാസിക കൃത്യമായി ഇറങ്ങാറില്ലല്ലോ.. അടുത്ത കാലത്ത് ലക്കങ്ങൾ തമ്മിലുള്ള അകലം വല്ലാതെ കൂടുന്നു. പ്രസിദ്ധീകരണം നിന്നുപോവുമോ?*

സ്വല്പം വേഗത കുറയുമായിരിക്കും. എങ്കിലും ഈ നടത്തം നിറുത്തുകയില്ല. ദുർബലമെങ്കിലും ഈ പാട്ട് തുടർന്നുകൊണ്ടേയിരിക്കും.

*വരിസംഖ്യയടച്ചവർക്ക് കൃത്യമായി മാസിക കിട്ടാതിരിക്കുന്നു. കാരണം?*

മുടങ്ങിപ്പോവുന്ന ലക്കങ്ങളായിരിക്കും കിട്ടാതെ വരുന്നത്. വരിസംഖ്യയടച്ചവർ തങ്ങൾക്ക് അയക്കാത്തതാണെന്ന് ധരിച്ച് പോവുന്നു. എന്തായാലും കിട്ടാത്തവർ ദയവായി ഒരു പോസ്റ്റ് കാർഡിൽ എഴുതി അറിയിക്കാമോ?

*ഒരു പരിസ്ഥിതി മാസികയായിട്ടും പരിസ്ഥിതി സംബന്ധിച്ച രചനകൾ പലപ്പോഴും ഇല്ലല്ലോ?*

ലിറ്റിൽ മാസിക പരിസ്ഥിതി മാസികയല്ല. ലിറ്റിൽ മാസികയുടെ ഉള്ളടക്കം ബോധപൂർവ്വം ഒരാശയപ്രചാരണത്തിനായി രൂപപ്പെടുത്തുന്നതല്ല.

*എന്താണ് ലിറ്റിൽ മാസികയുടെ കൃത്യമായ നയം?*

ഏറെക്കുറെ ഇങ്ങനെ പറയാം. 'ഒന്നിലും അവസാനവാക്ക് പാടില്ല.'

**Share Lima Campaign**

### ലിറ്റിൽ മാസിക പങ്കുവെക്കാം

കാണുന്നതും കേൾക്കുന്നതും ആലോചിക്കുന്നതുമെല്ലാം നമ്മൾ പരസ്പരം പങ്കുവെക്കുന്നുണ്ട്. വാട്സ്ആപ്പിലും ഫേസ്ബുക്കിലും ചിത്രമായും വീഡിയോ ആയും ഷെയർ ചെയ്യുന്നുണ്ട്. ഇനി മുതൽ ലിറ്റിൽ മാസികയും പങ്കിട്ടു നോക്കൂ. വായനയിൽ പ്രസക്തമെന്നു തോന്നുന്ന കുറിപ്പുകൾ, പേജുകൾ, ഒക്കെ ലോകത്തോടു സംവദിക്കട്ടെ. പുതിയ വായനക്കാരിലേക്ക് നമ്മുടെ ചെറുസൗഹൃദവും വളരട്ടെ

### വായനയും പങ്കുവെക്കാം

നൂറു കണക്കിന് മാസികകളും വാരികകളും അനേകം പത്രങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും ഒക്കെയായി വായിക്കാനനവധിയാണ് ഇപ്പോൾ. ഓരോരുത്തർക്കും ആവശ്യമുള്ള പ്രസിദ്ധീകരണവും വ്യത്യസ്തം. ഒരാൾക്കു തന്നെ പല മാസികകൾ വാങ്ങാനുള്ള സാമ്പത്തിക പ്രയാസങ്ങളും ഉണ്ടാവും. കീശ കാലിയാവാതെ വായന തുടരുവാനുള്ള ചില വഴികൾ സാധ്യമാണ്. ഒരേ സ്ഥലത്ത് ജോലി ചെയ്യുന്നവരോ, എന്നും തമ്മിൽ കണ്ടുമുട്ടുന്നവരോ ആയ സുഹൃത്തുക്കൾക്ക് പുസ്തക-മാസികകൾ പങ്കുവെക്കാനാവും. ഓരോരുത്തരും വെവ്വേറെ മാസികകൾ സ്ഥിരമായി വാങ്ങുകയും വായനക്കുശേഷം സുഹൃത്തുക്കൾക്ക് കൈമാറുകയുമാവാം. ഒരു പതിപ്പിന്റെ വിലയിൽ നാലോ അഞ്ചോ പ്രസിദ്ധീകരണങ്ങൾ വായിക്കാനാവും. ചൂടോടെ വായിക്കേണ്ട പത്രങ്ങളെ ഇതിൽ നിന്നൊഴിവാക്കുകയുമാവാം. കുട്ടികളുടെ വാരികകൾ പോലും ഇങ്ങനെ പങ്കിടാം; അയൽപക്കങ്ങൾ തമ്മിൽ സ്നേഹത്തിലാണെങ്കിൽ. നാലോ അഞ്ചോ പേരുടെ ചെറുകൂട്ടങ്ങൾക്കായിരിക്കും ഇതിൽ പ്രായോഗികമായി വിജയിക്കാനാവുന്നത്.

*- ലിറ്റിൽ മാസിക ടീം*

തെരുവിനെ പൊതുഇടമാക്കി മാറ്റുന്ന ഓപ്പൺ സ്ട്രീറ്റ് എന്ന കാമ്പയിനെക്കുറിച്ച്..

Open your street!

# തുറന്ന തെരുവുകൾ

ദീപ്തി അദ്‌ലാഖ

നഗരങ്ങളുടെ ഹൃദയങ്ങളാണ് അതിലെ തെരുവുകൾ. കടകമ്പോളങ്ങളും വിപണിയും മാത്രമല്ല തെരുവുകൾ. നഗരവാസികളുടെയും നഗരത്തിലെത്തുന്നവരുടെയും പൊതു ഇടങ്ങൾ കൂടിയാണവ. ഒന്നിച്ച് കൂടി സൗഹൃദം ഊട്ടിയുറപ്പിച്ച് ബന്ധം സുദൃഢമാക്കാനുള്ള പൊതുഇടം. എന്നാൽ നമ്മുടെ തെരുവുകൾ കൂടുതൽ കൂടുതൽ മോട്ടോർ വാഹന കേന്ദ്രീകൃതമാവുകയാണ്. ജനങ്ങൾക്കു മേൽ, അവരുടെ പൊതുഇടങ്ങൾക്കുമേൽ വാഹനക്കൂട്ടങ്ങൾ ആധിപത്യം ഉറപ്പിക്കുകയാണ്.

കാൽനടക്കാരനെയും സൈക്കിൾ സവാരിക്കാരനെയും തെരുവിൽ കച്ചവടം നടത്തുന്നവരെയും അലഞ്ഞുതിരിഞ്ഞുനടക്കുന്നവരെയുമൊക്കെ അവഗണിക്കുന്ന ഗതാഗത നഗരസംവിധാനങ്ങളെ കുറിച്ച് നാം വളരെയധികം കേട്ടുകഴിഞ്ഞിരിക്കുന്നു. ചിലപ്പോഴെങ്കിലും മോട്ടോർ വാഹനങ്ങളില്ലാത്ത എല്ലാവർക്കും സ്വൈര്യവിഹാരം നടത്താൻ കഴിയുന്ന ഒരു തെരുവ് നമ്മിൽ പലരും സ്വപ്നം കാണാറുണ്ട്. അത്തരമൊരു തെരുവിൽ കുട്ടികളും പ്രായമായവരും യുവാക്കളും അങ്ങനെ പലതരക്കാരായ ജനങ്ങൾ അവർക്കിഷ്ടമുള്ള ഓരോ പ്രവൃത്തികൾ ചെയ്ത് തെരുവിലെ നിരത്തുകൾ കയ്യടക്കുന്നത് ഓർക്കാൻ തന്നെ രസമുള്ള ഒരു സ്വപ്നമാണ്. അങ്ങനെ തെരുവിലെ നിരത്തുകൾ ജനങ്ങളുടെ ഒത്തുചേരലിനുള്ള വേദിയാവുന്നത് സ്വപ്നം കാണാൻ മാത്രമുള്ളതല്ല എന്നാണ് ലോകമെമ്പാടുമുള്ള വിവിധ നഗരങ്ങളിൽ നിന്നുള്ള അനുഭവപാഠം. ഓപ്പൺ സ്ട്രീറ്റ് എന്ന ആശയം ഇത്തരം ആലോചനകളിൽ നിന്നാണ് ഉരുത്തിരിഞ്ഞുവന്നിരിക്കുന്നത്. സ്പാനിഷ് ഭാഷയിൽ ബൈസിക്കിൾ പാത എന്നർത്ഥമുള്ള സൈക്കിളോവിയാസ് എന്നും തെരുവിനെ പൊതുഇടമാക്കി മാറ്റുന്ന ഈ സംരംഭത്തെ വിശേഷിപ്പിക്കുന്നുണ്ട്. കുറേ സമയം, ചിലപ്പോൾ ഒരു മുഴുദിവസം നിരത്തിൽ മോട്ടോർവാഹന ഗതാഗതം നിർത്തലാക്കുമ്പോൾ ഏത് തിരക്കേറിയ നിരത്തും ജനപങ്കാളിത്തമുള്ള ഒന്നാന്തരം പൊതുഇടങ്ങളായി മാറുന്നു എന്നതാണ് ഈ ആശയത്തിന്റെ അടിസ്ഥാനം. അങ്ങനെ വീണുകിട്ടുന്ന പൊതുഇടങ്ങളിൽ ജനങ്ങൾക്ക് പങ്കാളിത്തമുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

കൊളംബിയയിലെ ബോഗോട്ടായിലാണ് 1970 കളിൽ ഈ ആശയം ജന്മമെടുക്കുന്നത്. മോട്ടോർ ഗതാഗതം തൽക്കാലത്തേക്ക് നിർത്തലാക്കി നിരത്തുകൾ സുരക്ഷിതരായി ജനങ്ങൾക്ക് നടക്കാനും സൈക്കിൾ ഓടിക്കാനും അവസരം നൽകാനായിരുന്നു ഉദ്ദേശം. എല്ലാ ഞായറാഴ്ചകളിലും 120 കിലോമീറ്റർ നീളത്തിലുള്ള റോഡ് ശൃംഖലയിൽ രാവിലെ 7 മുതൽ ഉച്ചതിരിഞ്ഞ് 2 മണി വരെ മോട്ടോർ വാഹനങ്ങൾ നിരോധിച്ചു. ഒരു കാർഫ്രീ സോൺ രൂപമെടുത്തപ്പോൾ സുരക്ഷയും കൗതുകവും, വല്ലാത്ത പുതുമയും അതിലുമുപരി വാഹനപ്പുകയില്ലാത്ത, ശബ്ദബഹളമില്ലാത്ത അന്തരീക്ഷവും ജനങ്ങൾക്ക് അനുഭവിക്കാനായി. കാൽനടക്കാർ സമ്പൂർണ്ണ സുരക്ഷാബോധത്തോടെ കാലടികൾ വെച്ചു. സൈക്കിൾ സവാരിക്കാർ തികഞ്ഞ സന്തോഷത്തോടെ നിരത്തിൽ അണിനിരന്നു.

'തുറന്ന തെരുവ്' എന്ന ആശയം അന്തർദേശീയ തലത്തിൽ തന്നെ സ്വീകരിക്കപ്പെട്ടു. ഓരോ സ്ഥലത്തും പ്രത്യേകമായ പരിപാടികൾ തുറന്ന തെരുവിന്റെ സാധ്യത ഉപയോഗപ്പെടുത്തി സംഘടിക്കപ്പെട്ടു. നോർത്ത് അമേരിക്കയിൽ മാത്രം 100 ഓളം പരിപാടികൾ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്. പരിപാടിയുടെ വലുപ്പവും രീതികളും ഓരോ സ്ഥലത്തും വ്യത്യസ്തമായിരിക്കും. എങ്കിലും എല്ലാ തുറന്ന തെരുവ് ആഘോഷങ്ങളുടെയും ലക്ഷ്യം ഒന്നാണ്. അൽപനേരത്തേക്ക് തെരുവുകളിൽ മോട്ടോർവാഹനങ്ങളുടെ സാന്നിധ്യം ഇല്ലാതാക്കുമ്പോൾ ആ സമയം തെരുവുകൾ ജനങ്ങൾക്ക് നടക്കാനും സൈക്കിളോടിക്കാനും ആടാനും പാടാനും പരസ്പരം ഇടപഴകാനും ഒക്കെയുള്ള ഇടമായി മാറുന്നു. കുറച്ചുനേരമെങ്കിൽ കുറച്ചുനേരത്തേക്ക് തെരുവുകൾ ജനങ്ങൾക്കുതന്നെ വിട്ടുകൊടുക്കുക എന്ന ആശയം ഇപ്പോഴിതാ നമ്മുടെ നാട്ടിലും നടപ്പാവുകയാണ്.

ലോകമെമ്പാടും നടക്കുന്ന ഈ മൂവ്മെന്റിന്റെ ഇന്ത്യൻ ആവിഷ്കാരം ആദ്യമായി 2013 ൽ ഗോർഗനിൽ 'റാഹ്ഗിരി ഡേ' അഥവാ യാത്രക്കാർക്കൊരു ദിനം എന്ന പേരിൽ നടന്നു. ഇന്ത്യൻ സൈക്കിൾ സർവ്വീസ്, ഐ ആം ഗോർഗൻ, പെഡൽ യാത്രി തുടങ്ങിയ സന്നദ്ധസംഘടനകളായിരുന്നു ഇതിനുപിന്നിൽ. വിവിധ സിറ്റിസൺ ഗ്രൂപ്പുകളും ഉദ്യമത്തിനു പിന്തുണയുമായി വന്നപ്പോൾ പരിപാടി ഗ്രാന്റായി. അതിൽ പിന്നെ ഡെൽഹി, അഹമ്മദാബാദ്, പൂനെ, ഹൈദരാബാദ്, ഭോപ്പാൽ, മുംബൈ, ഛത്തീസ്ഗഢ് തുടങ്ങിയ നഗരങ്ങളിലും തെരുവുകൾ ജനങ്ങൾക്കായി തുറന്നുകൊടുത്ത വിവിധ പരിപാടികൾ നടന്നു.

നടത്തം, ജോഗിംഗ്, കൂട്ടയോട്ടം, നൃത്തം, വിവിധ ബോധവൽക്കരണ ക്ലാസ്സുകൾ, പരിശീലന പരിപാടികൾ, വ്യായാമ ക്ലാസ്സുകൾ ഭക്ഷണവിതരണം, കുട്ടികൾക്കുള്ള പരിപാടികൾ, കായിക വിനോദങ്ങൾ തുടങ്ങിയ പരിപാടികൾ വാഹനത്തിരക്കൊഴിഞ്ഞ തെരുവുകളിലെ നിരത്തുകളിൽ അരങ്ങേറി.

ഇപ്പോഴിതാ ചെന്നൈ നഗരവും കാർ ഫ്രീ തെരുവുകൾ എന്ന ലക്ഷ്യം വെച്ച് വലിയ ചുവടുവെപ്പുകൾ നടത്തുകയാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രാൻസ്പോർട്ടേഷൻ ആന്റ് ഡെവലപ്മെന്റ് പോളിസി, ചെന്നൈ സിറ്റി കണക്റ്റ് എന്നിവ സംയുക്തമായി നമ്മ ചെന്നൈ നമുക്ക് എന്ന കാമ്പയിൻ തുടങ്ങിയിരിക്കുന്നു.. നമ്മുടെ തെരുവുകൾ നമുക്കുതന്നെ എന്ന ആശയം ചെന്നൈയിലെ സിറ്റിസൺ


ഗ്രൂപ്പുതൽ ഇതിനകം സ്വീകരിച്ചുകഴിഞ്ഞു.

അമേരിക്കയിൽ നിന്നുള്ള ഡോ: ആരോൺ ഹിപ്പിന്റെ നേതൃത്വത്തിലുള്ള ഗവേഷകസംഘം വിവിധ നഗരങ്ങളിലെ ഓപ്പൺ സ്ട്രീറ്റ് പരിപാടികളെ കുറിച്ച് പഠനം നടത്തിയപ്പോൾ നിരവധി ആരോഗ്യ-സാമ്പത്തിക-സാമൂഹിക നേട്ടങ്ങൾ ഇത്തരം കാർഫ്രീ ദിനാചരണങ്ങൾ മൂലം ഉണ്ടാവുന്നതായി തെളിഞ്ഞിരിക്കുന്നു. വ്യായാമത്തിനും കായിക വിനോദങ്ങൾക്കുമായി തെരുവു തുറന്നുകിട്ടിയപ്പോൾ പ്രദേശവാസികളുടെ ശാരീരിക ക്ഷമതയും മെച്ചപ്പെടുന്നതായും അമിതവണ്ണം, ജീവിതശൈലീ രോഗങ്ങൾ ഇവ നിയന്ത്രണത്തിലാവുന്നതായും പഠനങ്ങൾ സാധൂകരിച്ചിരിക്കുന്നു. കൂടാതെ പ്രാദേശിക വ്യാപാരങ്ങളും തെരുവ് ജനനിബിഢമാകുന്നതോടെ ഞായറാഴ്ചകൾ പോലെയുള്ള ഒഴിവ് ദിവസങ്ങളിലും മെച്ചപ്പെടുന്നതായും കണ്ടെത്തിയിരിക്കുന്നു. സാധാരണ ആളുകൾ പുറത്തിറങ്ങാത്ത ഞായറാഴ്ചകളിൽ തെരുവുകളിൽ വ്യാപാരം കുറവായിരിക്കുമല്ലോ. തെരുവുകൾ സ്വതന്ത്രമായും സുരക്ഷിതമായും നടക്കാൻ തുറന്നുകിട്ടുമ്പോൾ അതുവരെ കണ്ടിട്ടില്ലാത്ത തെരുവിന്റെ വിവിധ ഭാഗങ്ങളിൽ സന്ദർശനം നടത്താനും ആളുകൾക്ക് സാധിക്കുന്നു. എല്ലാ വിഭാഗം ജനങ്ങൾക്കും തങ്ങളുടെ വീട് വിട്ട് തെരുവിലൊന്നിച്ചുകൂടാൻ കഴിയുന്നതോടെ ഉണ്ടാകുന്ന സാമൂഹികവൽക്കരണവും പ്രധാന നേട്ടമാണ്.

തെരുവുകൾ പൊതുസ്വത്താണ്. എന്നാൽ മോട്ടോർ കാറുകളുടെ എണ്ണപ്പെരുപ്പം തെരുവുകളെ ജനവാസയോഗ്യമല്ലാതാക്കിയിരിക്കുന്നു. മോട്ടോർ കാറുകൾ നിരത്തുകൾ കൈക്കലാക്കിയിരിക്കുകയാണ്. നിർമ്മിക്കാനും പരിപാലിക്കാനും നികുതി കൊടുക്കുന്ന ജനങ്ങൾക്ക് തെരുവുകൾ ഇടക്കെങ്കിലും തുറന്നുവിടുകയാണ് ഓപ്പൺ സ്ട്രീറ്റ് സംരംഭങ്ങളിലൂടെ. ഇവ തെരുവുകളെ കൂടുതൽ ആഹ്ലാദഭരിതവും ആരോഗ്യകരവും ജനസൗഹൃദപരവും ആക്കുന്നു. അതിനാൽ കൂടുതൽ കൂടുതൽ തുറന്ന തെരുവുകൾ ഉണ്ടാവട്ടെ എന്നു നമുക്ക് സ്വപ്നം കാണാം.

**-ദീപ്തി അദ്‌ലാഖ**

*(അമേരിക്കയിലെ വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിലെ പ്രിവൻഷൻ റിസേർച്ച് സെന്ററിലെ ഗവേഷക വിദ്യാർഥിനിയാണ് ലേഖിക. ഏപ്രിൽ 18 ന് ദ ഹിന്ദു പ്രോപ്പർട്ടി പ്ലസിൽ സ്ട്രീറ്റ് സ്മാർട്ട് എന്ന പേരിലെഴുതിയ ലേഖനത്തിന്റെ സ്വതന്ത്രപരിഭാഷ.)*



ചിലപ്പോഴെങ്കിലും മോട്ടോർ വാഹനങ്ങളില്ലാത്ത എല്ലാവർക്കും സ്വൈര്യവിഹാരം നടത്താൻ കഴിയുന്ന ഒരു തെരുവ് നമ്മളിൽ പലരും സ്വപ്നം കാണാറുണ്ട്. അത്തരമൊരു തെരുവിൽ കുട്ടികളും പ്രായമായവരും യുവാക്കളും അങ്ങനെ പലതരക്കാരായ ജനങ്ങൾ അവർക്കിഷ്ടമുള്ള ഓരോ പ്രവൃത്തികൾ ചെയ്ത് തെരുവിലെ നിരത്തുകൾ കയ്യടക്കുന്നത് ഓർക്കാൻ തന്നെ രസമുള്ള ഒരു സ്വപ്നമാണ്.

ലിറ്റിൽ ഡ്രോപ്സ്

## ചെരിപ്പുപേക്ഷിക്കുന്നതിന്റെ ആനന്ദം

**കലാചന്ദ്രൻ**

രണ്ടു കാലിൽ നിവർന്നു നിന്നു നടക്കുന്നു നമ്മൾ, നടന്നുപോന്ന വഴികളും സ്വന്തം പാദങ്ങൾ തന്നെയും വിസ്മരിച്ചുകഴിഞ്ഞു. തുകലുകൊണ്ടോ മരംകൊണ്ടോ തുണികൊണ്ടോ ഒക്കെ നിർമ്മിച്ചിരുന്ന പാദരക്ഷകളും മ്യൂസിയങ്ങളിലെത്തിയിട്ട് കാലമേറെയായി. സിന്തറ്റിക് വസ്തുക്കളും പ്ലാസ്റ്റിക്കും കൊണ്ടു നിർമ്മിക്കുന്ന പുതുകാല പാദരക്ഷകൾ വിഷഭരിതമായ ഒരു നടപ്പാണ് നമുക്ക് നൽകുന്നത്. പലർക്കും കാലുവേദനയും ചർമ്മരോഗങ്ങളും വിടാതെ പിന്തുടരുന്നു. എല്ലാ ദിവസവും ഏറെ നേരം വ്യായാമത്തിനും നടത്തത്തിനുമായി ചിലവഴിക്കുന്നുണ്ട്, നാം മലയാളികൾ. പക്ഷേ പുലർകാല- സായാഹ്ന യാത്രകളിൽ ചെരിപ്പുകൾ അഴിച്ചുവെച്ചുനോക്കൂ. ഭൂമിയെ തൊടുന്നതിന്റെ ആനന്ദം അറിഞ്ഞു തുടങ്ങുന്നത് അന്നേരമാകും. മണ്ണിന്റെ ചൂടും തണുപ്പും അറിഞ്ഞുതുടങ്ങും. മണ്ണിലെ നനവും കല്ലുകളുടെ പരുപരുപ്പും, മണൽത്തരികളും അറിയും. മുള്ളുതട്ടാതെ, കല്ലിൻമുനകളിൽ പോറാതെ ശ്രദ്ധയോടെയാവും പിന്നീടുള്ള നടത്തങ്ങൾ. നമ്മുടെ ശ്വാസം ഭൂമിയുടെ ശ്വാസക്രമത്തിലായിത്തീരും.

പതുക്കെയുള്ള അത്തരം ചുവടുവെപ്പുകൾ ഉടലിലും ഉയിരിലും പുതിയ ഒരു ഊർജ്ജം നിറയ്ക്കും. മണ്ണുതന്നെ ഔഷധമായിത്തീരുന്നത് കാണാം. പാദങ്ങൾ രക്തപ്രസാദം നിറഞ്ഞതാവും. വേദന കുറയും. വീട്ടുമുറ്റത്തും തൊടിയിലും, ടാറു പൂശാത്ത, സിമന്റു തേക്കാത്ത നിരത്തുകളിലും വയൽക്കരയിലും പുല്ലിലും കടൽക്കരയിലുമെല്ലാം നഗ്നമായ പാദങ്ങളോടെ നടന്നുതുടങ്ങുമ്പോൾ ജീവിതം തന്നെ മാറുന്നത് കാണാം. നടത്തം ചെറുതെങ്കിലും സുന്ദരമായ ഒരനുഭവമാകുന്നതും.

# ഒരു പശുവും കുറേ ചെറുപ്പക്കാരും...

ലിമാ ഡെസ്ക്

ഒരു ചെറിയ ഗ്രാമത്തിലെ സാധാരണ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബായി ആരംഭിച്ച ചെറുപ്പക്കാരുടെ സംഘടന കൂട്ടായി പണം സമാഹരിച്ച് ഒരു നാടൻ പശുവിനെ വാങ്ങി സംരക്ഷിക്കുകയും ജൈവ കാർഷിക രീതികൾ പരിശീലിക്കുകയുമാണ്..ഈ ചെറുപ്പക്കാർ നാടിന് മാതൃകയാണ്

മലപ്പുറം ജില്ലയിലെ എടവണ്ണയ്ക്കടുത്ത കല്ലിടുമ്പിൽ സുന്ദരി എന്ന കാസർഗോഡ് കുള്ളൻ എന്ന ഇനത്തിൽ പെട്ട പശുവിന് പരിപാലകൻമാർ ഒന്നും രണ്ടും പേരല്ല. 20 ൽ പരം പേർ ചേർന്നാണ് സുന്ദരപ്പശുവിനെയും അതിനിപ്പോൾ ഉണ്ടായ മൂരിക്കിടാവിനെയും പരിപാലിച്ച് സംരക്ഷിക്കുന്നത്. ഒരു പശുവിനെ സംരക്ഷിക്കുക എന്നത് വലിയ കാര്യമൊന്നുമല്ല. അന്യം നിന്നുപോകുന്ന നാടൻ ഇനത്തിൽ പെട്ട പശുവിനെ സംരക്ഷിക്കുന്നതും അത്യപൂർവ്വമല്ല. എന്നാൽ ഒരു ചെറിയ ഗ്രാമത്തിലെ സാധാരണ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബായി ആരംഭിച്ച ചെറുപ്പക്കാരുടെ സംഘടന കൂട്ടായി പണം സമാഹരിച്ച് ഒരു നാടൻ പശുവിനെ വാങ്ങി സംരക്ഷിക്കുന്നതിലാണ് വ്യത്യസ്തമായ, വേറിട്ട ഒരു വഴി പ്രകടമാവുന്നത്.

2001 ലാണ് വോയ്സ് സാംസ്കാരികവേദി ആരംഭിക്കുന്നത്. സാധാരണ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ പതിവു രീതികളിൽ നിന്നും മാറി. ജീവകാരുണ്യം, വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, സംസ്കാരം, പ്രകൃതി സംരക്ഷണം എന്നീ മേഖലകളിലൊക്കെ തനതായ സമീപനങ്ങൾ വെച്ചുപുലർത്തുന്ന പ്രാദേശിക ഗ്രാമീണ സന്നദ്ധസംഘടനയാണ്. കല്ലിടുമ്പ് എന്ന ചെറിയ ഗ്രാമപ്രദേശം ഒരു കാലത്ത് മദ്യത്തിന്റെയും തെറ്റായ ജീവിതരീതികളുടെയും ആത്മഹത്യാമരണങ്ങളുടെയും ഒക്കെ ഒരു കേന്ദ്രമായിരുന്നു. ഇവിടുത്തെ ചെറുപ്പക്കാരെ കുറിച്ച് നല്ലതൊന്നും ആർക്കും പറയാനുണ്ടായിരുന്നില്ല. ഒരു ഗ്രാമം മുഴുവൻ വഴിപിഴച്ചുപോയ പ്രതീതിയായിരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ ഒന്നു വഴിമാറി ചിന്തിക്കാൻ ഗ്രാമത്തെ അതിന്റെ ദുസ്ഥിതിയിൽ നിന്നും മോചിപ്പിക്കാൻ വി.പി. അഹമ്മദ്കുട്ടി മദനി, പി.സി. സെയ്ഫുദ്ദീൻ, എം. ഇബ്രാഹിം, കെ.പി. അഷ്റഫ് എന്നിവരുടെ മുൻകയ്യിൽ വോയ്സ്



ടൊപ്പം കല്ലിടുമ്പ് എന്ന ഗ്രാമത്തിനും സൽപ്പേരും ഐശ്വര്യവും കൈവരിക യായിരുന്നു. ഇപ്പോൾ ഏത് നല്ല കാര്യത്തിനും ഇവിടുത്തെ ചെറുപ്പക്കാർ മുൻപന്തിയിലാണ്. കല്ലിടുമ്പിന്റെ ദുഷ്പേര് ഇപ്പോൾ പഴയ കഥ. ഒരു സംഘ ടന കൊണ്ട് ഗ്രാമത്തിനു തന്നെ ശാപമോക്ഷം കിട്ടുകയായിരുന്നു.

പ്രകൃതിസംരക്ഷണത്തിന്റെ കാര്യത്തിൽ കൃത്യമായ കാഴ്ചപ്പാട് സംഘട നയുടെ പ്രഖ്യാപിത നിലപാടാണ്. ചാലിയാർ നദി സംരക്ഷണ പ്രവർത്തന ങ്ങളിൽ മുൻപന്തിയിലായിരുന്നു. പ്ലാസ്റ്റിക് സഞ്ചിയും ഫ്ളക്സ് ബോർഡു കളും മറ്റ് പരിസ്ഥിതി സൗഹൃദപരമല്ലാത്ത ഉൽപന്നങ്ങളും തുടക്കം മുതലേ സംഘടനയുടെ പടിക്ക് പുറത്തായിരുന്നു. തുണി സഞ്ചിയും മറ്റ് ബദൽ സംവി ധാനങ്ങളും ഉപയോഗിച്ച് മാതൃക കാട്ടി. മണ്ണെടുപ്പിനെതിരെ ശക്തമായി മുന്നിൽ വന്നു. ജീവകാരുണ്യ പ്രവർത്തനങ്ങളിലും കലാകായിക രംഗങ്ങ ളിലും വളരെ ശുഷ്കാന്തിയോടെ വോയ്സ് നാടിന്റെ ശബ്ദമായി നിന്നു.

പരിസ്ഥിതിയെ കുറിച്ചും പ്രകൃതിയെ കുറിച്ചുമുള്ള ആഴമായ ആലോചന കൾ വോയ്സിനെ നല്ല ഭക്ഷണത്തെ കുറിച്ചുള്ള ആലോചനയിലാണ് എത്തി ച്ചത്. ആരോഗ്യം വേണമെങ്കിൽ നല്ല ഭക്ഷണം വേണം. അത് മായം ചേർക്കാത്ത, വിഷം തീണ്ടാത്ത ഭക്ഷണമായിരിക്കണം. അത്തരം ഭക്ഷണം കിട്ടണമെങ്കിൽ സ്വന്തമായിത്തന്നെ ഉല്പാദിപ്പിക്കണം എന്നിങ്ങനെയുള്ള ചിന്ത കളിലേക്ക് വോയ്സ് പ്രവർത്തകർ എത്തിച്ചേർന്നു. പാട്ടത്തിനെടുത്തും കൂട്ടു കൃഷി ചെയ്തും ശ്രമങ്ങളാരംഭിച്ചു. രണ്ട് മൂന്ന് വർഷമായി ജൈവരീതിയിൽ നെൽകൃഷി ചെയ്തുവരുന്നു. പാടമായ പാടമെല്ലാം മണ്ണിട്ട് നികത്തുന്നത് കണ്ട പ്പോൾ വോയ്സ് പ്രവർത്തകർ പണം സ്വയം സമാഹരിച്ച് 72 സെന്റ് വയൽ സ്വന്തമായി വാങ്ങി. അത്രയെങ്കിലും സ്ഥലം മണ്ണിട്ട് നികത്താതെ ഇരിക്കു മല്ലോ എന്നതായിരുന്നു ചിന്ത. സ്വന്തമായി വാങ്ങിയ സ്ഥലത്ത് ഇപ്പോൾ ജൈവ രീതിയിൽ നെൽകൃഷി ചെയ്തുവരുന്നു. സീറോ ബജറ്റ് രീതിയിലാണ് കൃഷി. അതിനാൽ നാടൻ പശുവിന്റെ ചാണകവും മൂത്രവും കൃഷിക്ക് ആവശ്യമാ ണെന്ന സുഭാഷ് പാലേക്കറുടെ സിദ്ധാന്തത്തിൽ ആകൃഷ്ടരായി ഒടുവിൽ കാസർഗോഡൻ കുള്ളൻ ഇനത്തിൽ പെട്ട പശുവിനെ 6 മാസം മുമ്പ് എല്ലാ വരും ചേർന്ന് വാങ്ങിച്ചു.

പ്രവർത്തകരിലൊരാളായ ഇബ്രാഹിമിന്റെ വീട്ടിലാണ് പശുവിനുള്ള തൊഴുത്ത് ഉണ്ടാക്കിയത്. എല്ലാ പ്രവർത്തകരും ഉദ്യോഗസ്ഥരോ വ്യാപാരി കളോ മറ്റെന്തെങ്കിലും ജോലിയോ ഉള്ളവരാണ്. അതിനാൽ ഊഴമിട്ട് ഓരോ രുത്തരും മാറിമാറി പശുവിനെ പരിപാലിക്കും. ഓരോരുത്തരും പശുവിനെ മാറ്റിക്കെട്ടുകയും പുല്ലരിഞ്ഞുകൊടുക്കുകയും കുളിപ്പിക്കുകയും ഒക്കെ മാറി മാറി ചെയ്യുന്നു. അധികം പരിചരണം ആവശ്യമില്ലാത്ത ഇനമായതിന്റെ സൗക ര്യവും ഉണ്ട്. ഗോമൂത്രവും ചാണകവും ചേർത്ത് ഉണ്ടാക്കുന്ന ജീവാമൃതം വോയ്സിന്റെ കൃഷിയിടത്തെ ഇപ്പോൾ സമ്പുഷ്ടമാക്കിയിരിക്കുകയാണ്. ചാണകത്തിനും മൂത്രത്തിനും ഇപ്പോൾ ആവശ്യക്കാരേറെയാണ്. നാടൻ പശു വിന്റെ ചാണകത്തിൽ ഒരു ഗ്രാമിൽ 500 കോടി സൂക്ഷ്മാണുക്കൾ ഉള്ളപ്പോൾ സങ്കരയിനങ്ങളിൽ 30 ലക്ഷം മാത്രമേ ഉള്ളൂ എന്ന കണ്ടെത്തൽ വോയ്സ് പ്രവർത്തകൻമാർക്ക് ഊർജ്ജമായി. ചിലവില്ലാ കൃഷി ഫലപ്രദമായി നടത്താൻ നാടൻ പശുവിന്റെ സാന്നിദ്ധ്യം സഹായകരമാണെന്ന് പ്രവർത്തകർ ഇപ്പോൾ മനസ്സിലാക്കിയിരിക്കുന്നു.

ഊഴമിട്ട് ഓരോരുത്തരും മാറിമാറി പശുവിനെ പരിപാലി ക്കും. ഓരോരുത്തരും പശുവിനെ മാറ്റിക്കെട്ടുകയും പുല്ല രിഞ്ഞുകൊടുക്കുകയും കുളിപ്പിക്കുകയും ഒക്കെ മാറിമാറി ചെയ്യുന്നു.

## കാഴ്ചകൾ

പാർവ്വതി

### ജൈവ മതിൽ

വയനാട്ടിലൂടെയുള്ള മഴക്കാല യാത്രയ്ക്കിടയിൽ എനിക്ക് കൗതുകകരമായി തോന്നിയത്, പലയിടത്തും കണ്ട ജൈവമതിലു കളായിരുന്നു. വീടിനും പറമ്പിനു മതിരിൽ ചെമ്പരത്തിയോ, വേലി ച്ചെടികളോ തിങ്ങിവളർന്നു നിൽക്കുന്നു. അൽപമൊന്ന് വെട്ടി യൊരുക്കിയിട്ടുണ്ട് മിക്കതും. പൂക്കളും ചെറിയ പക്ഷികളും ശലഭങ്ങളുമൊക്കെയായി ഏറെ സജീവമാണ് ഈ മതിലുകൾ. കോൺക്രീറ്റിൽ നിർമ്മിച്ച്, പെയിന്റ് തേച്ച് കോർപറേറ്റുക ളുടെ പരസ്യം ചുമന്നു നിൽക്കുന്ന നാട്ടിലെ വീട്ടുമതിലു കളോട് ഈ പച്ചവേലികൾ പറയു ന്നത് പ്രതിരോധത്തിന്റെ ഹരിതാഭ മായ ഒരു വഴിയെക്കുറിച്ചാണ്. ജൈവജീവിതത്തെ കുറിച്ചാണ്.

### നാട്ടുവാണിജ്യം

പരപ്പനാട്ടിൽ, കടലോരദേശ ത്തുള്ള കൂട്ടുകാരിയുടെ വീട്ടിലെ ത്തുമ്പോൾ കടൽവിഭവങ്ങളുടെ സമൃദ്ധമായൊരു തീൻമേശ എന്നെക്കാത്തു നിന്നിരുന്നു. അവയ്ക്കിടയിലാണ് എരുന്തു കൊണ്ടുള്ള ഒരു രുചിക്കൂട്ട് പരി ചയിക്കുന്നത്. തോടുള്ള ഒരു തരം കക്കയാണ്. പുഴുങ്ങി, അഴുക്കു വേർപെടുത്തി, തേങ്ങ വറുത്തരച്ച് കറിവെക്കുന്നു. എരു ന്തുമായി വീടുകളിലൂടെയെ ത്തുന്ന പുലർകാല വാണിഭക്കാർ അന്നാട്ടിലെമ്പാടുമുണ്ട്. വീട്ടു കാർ, ചട്ടിയോ പാത്രമോ ആയി വേലിക്കൽ കാത്തുനിൽക്കുന്നു. ദിവസങ്ങൾ കൂടുമ്പോൾ മറ്റൊ രാൾ വലിയ പാത്രവും ചുമന്ന് ഇതേ വീടുകളിലെത്തും, ഭക്ഷണ ശേഷം ബാക്കിയായ എരുന്തിൻ തോടുകൾ ശേഖരിക്കുന്നവരാണ്. എരുന്തിന്റെ തോട് കുമ്മായമു ണ്ടാക്കാനാണ് കൊണ്ടുപോകുന്ന ത്. ഔഷധഗുണമേറെയുള്ള, കൃഷിയിടങ്ങളിലുപയോഗി ക്കുന്ന ചുണ്ണാമ്പ്/കുമ്മായം നിർമ്മിക്കുന്ന പണിശാലകൾ അന്നാട്ടിലിപ്പോഴും നിലനിൽക്കു ന്നു. വിഭവങ്ങളുടെ പുനരുപയോ ഗവും ചാക്രികതയും ഗ്രാമീണ മായൊരു വിപണസമ്പ്രദായ ത്തിന്റെ അവശേഷിപ്പുകളാണ്.

വിദേശ കുത്തകകൾക്ക് കടൽ സമ്പത്ത് നിർബാധം തുറന്നുകൊടുത്തതുപോലെ നിലവിലുള്ള എല്ലാ പരിസ്ഥിതി-ഖനന-കാർഷിക നിയമങ്ങളെല്ലാം പ്രത്യേക ഓർഡിനൻസുകളിലൂടെയും വകുപ്പുതല നടപടികളിലൂടെയും ദുർബലപ്പെടുത്തി സ്വദേശ-വിദേശ കുത്തകകൾക്ക് നിർബാധം മേയാൻ, എന്തും കടത്തിക്കൊണ്ടുപോകാൻ അനുവാദം നൽകുന്നത് പതിവ് കാഴ്ചയാണ്..

# പരിസ്ഥിതി നിയമങ്ങൾ ഖനനമാഫിയകൾക്കായി പുതുക്കിയെഴുതുമ്പോൾ!

**രാമകൃഷ്ണൻ നിലമ്പൂർ**

ഭാരതം ഇന്ന് ലോകവിപണിയിലെ മികച്ച ചന്തയാണ്. എവിടെ ഉല്പാദിപ്പിക്കുന്ന ഇനങ്ങളും ലഭ്യമാവുന്നയിടം എന്നാണ് ഫോബ് മാസിക ഭാരതത്തെ പരിചയപ്പെടുത്തുന്നത്. എന്നാൽ ഇന്ത്യയിലെ എല്ലാ സംസാഥാനങ്ങളിലും വൻകിട ഒത്താശകളിൽ അന്താരാഷ്ട്ര കമ്പനികൾക്കായി നിരന്തരം തുടരുന്ന വിഭവചൂഷണങ്ങൾ ഭാരതീയ ഗ്രാമങ്ങളെ വന്ധ്യവും, ജലശുഷ്ക്കവും കൊടിയ ദാരിദ്ര്യത്തിലേക്കുമാണ് അതിവേഗം നയിക്കുന്നത്. സമ്പന്നൻമാർക്ക് വഴിമാറുന്ന പൊതുനിയമങ്ങളുടെ തണലിൽ പണക്കാരൻ കൂടുതൽ പണക്കാരനും മഹാഭൂരിപക്ഷവും നിത്യേന കൊടിയ ദുരിതങ്ങളിലേക്ക് പതിക്കുന്നതിന്റെയും കാഴ്ചകളാണ് ഇന്ത്യയിൽ എമ്പാടും കണ്ടുവരുന്നത്.

ആഗോളതരത്തിൽ ആവശ്യമുള്ള, യൂറോപ്യൻ രാജ്യങ്ങളിൽ ഒട്ടുമില്ലാത്ത നിരവധി മൂലകങ്ങളുടെയും ഖനിജങ്ങളുടെ മികച്ച നിക്ഷേപമുള്ള ഇന്ത്യൻ ഗ്രാമങ്ങളിൽ ഇപ്പോൾ ആയിരത്തിലേറെ വിദേശ കമ്പനികളാണ് നേരിട്ടും അല്ലാതെയും എല്ലാ പരിസ്ഥിതി- സാമൂഹ്യ നിയമങ്ങളും ലംഘിച്ച് കേന്ദ്ര-സംസ്ഥാന-പ്രാദേശിക ഭരണകൂടങ്ങളുടെ തണലിൽ ഭൂമിയെ വന്ധ്യമാക്കിക്കൊണ്ട് വ്യാപക ഖനനം നടത്തുന്നത്.

നിത്യേന ടൺ കണക്കിന് ഇ-വേസ്റ്റുകൾ വന്നെത്തുന്ന വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലുകൾ പോലുള്ള ചെന്നൈ, കണ്ട്ല, കൽക്കത്ത, പാരദ്വീപ്, വിശാഘപട്ടണം, മംഗലാപുരം, മുംബൈ തീരം വഴി ഇന്ത്യൻ വിഭവങ്ങളുടെ തീവ്ര കൊള്ള നിത്യേന നടക്കുമ്പോൾ അതിന്റെ കമ്മീഷനും സുഖസൗകര്യങ്ങളും ആസ്വദിക്കുന്ന തിടുക്കത്തിലാണ് ഉന്നത ഉദ്യോഗസ്ഥരും ഭരണനേതൃത്വവും. ഓരോ വിദേശയാത്രയും വിദേശ കരാറുകളും നിരവധി ഇന്ത്യൻ ഗ്രാമങ്ങളെ ദുരിത കെണികളിലേക്കാണ് നയിക്കുന്നത്.

കൽക്കരി, അലുമിന, ബോക്സൈറ്റ് ഖനനത്തിനായി ബലികൊടുക്കപ്പെടുന്ന ജൈവസമ്പന്നമായ ഇന്ത്യൻ ഗ്രാമങ്ങളിൽ നിന്നും വെറുംകയ്യോടെ ഒഴിഞ്ഞുപോകേണ്ടിവരുന്ന ആയിരക്കണക്കിന് ഗ്രാമീണരുടെ ഗദ്ഗദത്തിന്റെ അനുഭവങ്ങൾ ഭരണാധികാരികൾ കണ്ടില്ലെന്ന് നടിക്കുന്നതും മികച്ച കൃഷിയിടങ്ങൾ ഖനനത്തിന് വഴിമാറുന്നതോടെ പട്ടിണി കൂടുതൽ ഗുരുതരവും മൊത്തം ഇന്ത്യക്കാരെയും ബാധിക്കുന്നതുമാണ്. എന്നാൽ പരിസ്ഥിതി നിയമങ്ങളെല്ലാം ലഘൂകരിച്ച് ഖനനമാഫിയകൾക്ക് ഒത്താശ ചെയ്യുന്ന ജനകീയഭരണകൂടങ്ങൾ അവരുടെ റോൾ കൃത്യമായി നിർവ്വഹിച്ച് ആവശ്യമുള്ളതെല്ലാം നേടിയെടുക്കുന്ന കാഴ്ചയാണ് മിക്ക വടക്കൻ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും.

തീവ്രമഴയിൽ പ്രസിദ്ധമായിരുന്ന ചിറാപുഞ്ചിക്ക് ഇന്ന് ആ പദവി നഷ്ടമാക്കിയത് വനനശീകരണവും ഖനനവുമാണ്. ചിറാപുഞ്ചിയിലെങ്ങും ഇന്ന് കൽക്കരിഖനനമാഫിയയുടെ നിയന്ത്രണത്തിലാണ്. ഛത്തീസ്ഗഡിൽ ചില രാഷ്ട്രീയ നേതാക്കളെ മൂന്ന് വർഷം മുമ്പ് ജനങ്ങൾ സംഘടിച്ച് കൊലപ്പെടുത്തിയത് മാവോയിസ്റ്റ് ആക്രമണമായിട്ടാണ് വിലയിരുത്തപ്പെട്ടത്. എന്നാൽ വിദേശകുത്തകകൾക്കായി 'വേതാന്ത' എന്ന ഖനനമാഫിയ കമ്പനി അലുമിന വൻതോതിൽ ശേഖരിക്കാനായി നിരവധി ഗ്രാമങ്ങളെ കൂട്ടത്തോടെ വിലക്കെടുക്കാനും ഗ്രാമീണരെ, ഗോത്ര ജനതയെ കൂട്ടത്തോടെ കുടിയിറക്കാനുമുള്ള രാഷ്ട്രീയ നേതാക്കളുടെ യജമാന ഭക്തിക്കെതിരായ ജനകീയ മുന്നേറ്റമായിരുന്നു അന്ന് യഥാർത്ഥത്തിൽ ഛത്തീസ്ഗഡിൽ സംഭവിച്ചത്. ഗ്രാമീണർക്കൊപ്പം ജനകീയ സമരരംഗത്തുള്ള ഗ്രീൻപീസ് പ്രവർത്തക പ്രിയ പിള്ളയ്ക്കെതിരായ സർക്കാർ നീക്കവും അന്താരാഷ്ട്ര വേദികളിൽ ഇത്തരം ജനകീയ സമരങ്ങൾ നടത്തുന്നത് തടയാനായുള്ള സർക്കാർ ശ്രമം തന്നെയായിരുന്നു.

ജനകീയ സമരങ്ങളെ ദുർബലമാക്കാനും നേതാക്കളെ ജയിലിലടച്ച് സമരത്തെ നിർജ്ജീവമാക്കാനുമുള്ള ശ്രമങ്ങളിൽ ആയിരത്തിലേറെ ഇത്തരം തടവുകാർ ഇന്ന് ഇന്ത്യൻ ജയിലുകളിലുണ്ടെന്നാണ് സ്വതന്ത്രപത്രപ്രവർത്തകനായ മനു കൽഹാർ പറയുന്നത്.

ഒരു വശത്ത് കർഷകർ പട്ടിണി മൂലം ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ പെരുകുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വൻകിട ജന്മിമാരെല്ലാം തന്നെ തങ്ങളുടെ ബൃഹത്തായ ഭൂമിശേഖരത്തിൽ നിന്ന് വിലപിടിപ്പുള്ളതെല്ലാം ഖനന മാഫിയകൾക്ക് ഉദ്യോഗസ്ഥ-ഭരണനേതൃത്വങ്ങളുടെ ഒത്താശയിൽ വൻതോതിൽ കൈമാറുന്നത് കൃഷിയിടങ്ങളുടെ വ്യാപ്തി ഭീകരമായ അളവിൽ കുറയാനിടയാകുന്നുണ്ടെന്നാണ് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസേർച്ചിന്റെ (I A C R) 2014-15 ലെ വാർഷിക റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്.

വിദേശ കുത്തകകൾക്ക് കടൽ സമ്പത്ത് നിർബാധം തുറന്നുകൊടുത്തതുപോലെ നിലവിലുള്ള എല്ലാ പരിസ്ഥിതി -ഖനന-കാർഷിക നിയമങ്ങളെല്ലാം പ്രത്യേക ഓർഡിനൻസുകളിലൂടെയും വകുപ്പുതല നടപടികളിലൂടെയും ദുർബലപ്പെടുത്തി സ്വദേശ-വിദേശ കുത്തകകൾക്ക് നിർബാധം മേയാൻ, എന്തും കടത്തിക്കൊണ്ടുപോകാൻ അനുവാദം നൽകുന്നത് വലിയ ജനകീയ സമര

വെറുമൊരു നിസ്സാരപ്പെട്ട പുല്ലിനെക്കുറിച്ചും ഏറെ വിസ്മയിക്കാനുണ്ട്....

# പുല്ല് വെറും പുല്ലാണോ?

അപ്പു മുട്ടറ

വയൽ വരമ്പിലും തോട്ടിറമ്പിലും നിന്നായിരുന്നു പശുവിനും ആടിനുമെല്ലാം ഞാൻ പുല്ലു പറിച്ചിരുന്നത്. കുംഭം-മീനം കാലത്താണ് പുല്ലിന്റെ കാര്യത്തിൽ പ്രതിസന്ധിയുണ്ടാവുക. പുല്ല് വെറും 'പുല്ല്'ല്ല എന്ന് തിരിച്ചറിയുന്നതും അക്കാലത്താണ്. പറമ്പിലും പാതവക്കത്തും പടർന്ന് കുലുങ്ങിച്ചിരിച്ചു കിടക്കുന്ന പുല്ലിനെ ഇടയൻമാരല്ലാതെ ആരാണൊന്നു സ്നേഹത്തോടെ നോക്കുക? അതിനെയൊന്ന് താലോലിക്കാൻ മറ്റാരാണുണ്ടാവുക? അതിനെ ചവുട്ടിത്തൊഴിച്ചും അള്ളിപ്പറിച്ച് ഉണക്കി തീയിട്ടും പരിഷ്ക്കാരിപ്പട്ടം നേടാനാണല്ലോ നമുക്ക് താൽപര്യം?

തീയിട്ടു നശിപ്പിക്കാൻ പിഴുതെടുത്ത ഈ ഒരുപിടി പച്ചപ്പുല്ലിനു വേണ്ടി പശിക്കുന്ന ഒരു പശുക്കുട്ടിയോ ആട്ടിൻകിടാവോ അയലത്തെവിടെയോ ഉണ്ടാകാമെന്ന് സങ്കൽപ്പിക്കാൻ പോലും നമുക്കാവുന്നില്ല.

ചെറുപ്പത്തിലേ തന്നെ പുൽച്ചെടികളെ സൂക്ഷ്മനിരീക്ഷണം ചെയ്തിരുന്ന ഒരാളാണ് ഞാൻ. അവയുടെ ഇനം തിരിച്ചുള്ള രൂപവൈവിധ്യം, പത്രവിന്യാസത്തിലെ അമ്പരപ്പിക്കുന്ന വിഭിന്നത, വർണ്ണവിധാനത്തിലെ അവധാനത, തങ്ങൾക്ക് ജന്മം തന്ന് മുലയൂട്ടി വളർത്തുന്ന ഭൂമിമാതാവിൽ നിന്ന് വേർപെട്ടു പോകാതിരിക്കാനുള്ള ശിശുസഹജമായ പിടിവാശി, മഴമേഘങ്ങൾക്കുനേരെ ചുണ്ടുപിളർത്തിക്കൊണ്ടുള്ള പ്രാർത്ഥനാഭാവം, മഴുത്തുള്ളികളെ പിഞ്ചുനാമ്പുകളുടെ ചുരുൾക്കൂട്ടങ്ങളിലേറ്റുവാങ്ങി, ദിവസങ്ങളോളം വെച്ചിരുന്ന് നുണയുന്ന കരുതൽസ്വഭാവം- പ്രകൃത്യാംബയവതരിപ്പിച്ചിരിക്കുന്ന ഇത്തരം കരനൈപുണ്യങ്ങൾ കോരിത്തരിപ്പിക്കുന്നുണ്ടിപ്പോഴും.

വെറുമൊരു നിസ്സാരപ്പെട്ട പുല്ലിനെക്കുറിച്ച് ഇത്രയേറെ വിസ്മയിക്കാനുണ്ടോ എന്ന് തോന്നുന്നുണ്ടോ? എങ്കിൽ കേൾക്കുക: പുൽത്തകിടിയുടെ ഒരു വരപ്രസാദമഹിമ കൂടി.

മൈഗ്രെയ്ൻ എന്ന ഭീകര തലവേദനയുള്ള എത്രയോ പേരുണ്ടല്ലോ നമുക്കിടയിൽ? നിഷ്ഫലമായ എന്തെല്ലാം ചികിത്സകൾ ചെയ്ത് മനോവേദന കൂടി സമ്പാദിച്ചു. അവർക്ക് പുൽത്തകിടി ഒരനുഗ്രഹമാകുന്നത് പറഞ്ഞുതരാം. വെളുപ്പിന് നാലരയോടെ ഒരു ഗ്ലാസ് ശുദ്ധമായ പശുവിൻപാൽ തിളപ്പിച്ചാറ്റി തണുപ്പിച്ച് അതിൽ ഏഴെട്ട് ബദാം പരിപ്പും ഇട്ട് ഭദ്രമായി അടച്ചു സൂക്ഷിച്ചുവെക്കു

യുണ്ടാകും. ചിലർക്ക് ഒന്നുരണ്ട് ദിവസങ്ങൾക്കൂടി ഇത് ചെയ്യേണ്ടി വരാറുണ്ട്. ഒറ്റത്തവണ കൊണ്ട് തീർത്തും രോഗമുക്തനായതിന്റെ അനുഭവജ്ഞാനമാണ് ഇതെഴുതാൻ എന്നെ പ്രേരിപ്പിച്ചത്.

പുല്ല് വെറും പുല്ലാണോ? എന്നാൽ ചില പുല്ലുകൾ, ആടുമാടുകൾ ഭക്ഷിക്കാത്തവയും ഒഴിവാക്കൽ അനിവാര്യമായവയും നമുക്ക് നശിപ്പിക്കാം. ചെത്തിക്കൂട്ടി വെയിലത്തുണക്കി തീ കത്തിച്ച് ചുടുകയാണല്ലോ സാധാരണ നടപടി? ഇതൊരു നല്ല കാര്യമല്ല. ചാരം മണ്ണിന് കിട്ടുമെങ്കിലും അഴുകി മണ്ണിൽ ചേരുന്നതാണ് താരതമ്യേന മെച്ചം. മാത്രമല്ല, മഴക്കാലത്ത് പുല്ലെങ്ങനെ കത്തിക്കുമെന്നൊരു ചോദ്യവുമുണ്ടേ. അതുകൊണ്ട് നമുക്കിങ്ങനെ ചെയ്യാം.

പറമ്പിൽ രണ്ടടി വിസ്താരത്തിൽ ഒരു കുഴിയെടുക്കുക. പച്ചപ്പുല്ലുകൾ അങ്ങനെതന്നെ അവയ്ക്കുള്ളിൽ നിക്ഷേപിച്ച് മണ്ണിട്ട് മൂടുക. മുകൾ ഭാഗം ചവിട്ടിത്തറച്ചിടുക. ആ പുല്ലിൽ ഒന്നുപോലും കിളിർക്കുകയില്ല, എന്നുതന്നെയുമല്ല, അത് ഒരാഴ്ച കൊണ്ട് ചീഞ്ഞ് മണ്ണിൽ ജൈവവളമായിച്ചേരാനും തുടങ്ങും. നല്ല വിദ്യയല്ലേ?



ങ്ങൾക്കാണ് മിക്കയിടങ്ങളിലും കാരണമായിട്ടുള്ളത്. ഭാവിയിൽ ഇത് ഒരു ആഭ്യന്തര കലഹത്തിലേക്ക് നയിക്കപ്പെട്ടേക്കാമെന്നാണ് സാമ്പത്തിക-സാമൂഹ്യ ശാസ്ത്രജ്ഞർ ഭയപ്പെടുന്നത്.

കേരളത്തിൽ മണലും കല്ലും വെള്ളവും വിൽപ്പനച്ചരക്കായി നിർബാധം ഖനനവും വിൽപ്പനയും നടക്കുമ്പോൾ അന്താർഷ്ട്ര പ്രാധാന്യമുള്ള വിഭവങ്ങളാൽ സമ്പന്നമായ ഇന്ത്യൻ ഗ്രാമങ്ങളെല്ലാം ഖനനമാഫിയകളുടെ പിടിയിലായത് യഥാർത്ഥ ഇന്ത്യൻ ഗ്രാമങ്ങളെ ഗ്രസിക്കുന്ന കാൻസറായിരിക്കുന്നു. ആസുരതയുടെ താളം കൂടുതൽ മുഴങ്ങുമ്പോൾ ആരാണ് അവരെ രക്ഷിക്കാനെത്തുക!

മൃഗശ്രുതി

ഡേവീസ് വളർക്കാവ്

# കളരിയിലെ മൃഗപക്ഷം

കേരളീയമായ ആയോധന വിദ്യകളിൽ അതിപ്രധാനമായ ഒന്നാണ് കളരി. ഗുരുകുല സമ്പ്രദായത്തിൽ പഠിച്ചുവന്നിരുന്ന ഈ വിദ്യ കലയും കൂടിയായതിനാൽ ആയോധനകല എന്നാണ് അറിയപ്പെടുന്നത്.

മറ്റു കലാരൂപങ്ങളിൽ ഇല്ലാത്തതും ആയോധന വിദ്യകളിൽ ഇല്ലാത്തതുമായ ഒട്ടേറെ സവിശേഷതകൾ ഈ ആയോധനകലയ്ക്കുണ്ട്. കൈമെയ് മറന്നുള്ള പയറ്റുകൾ ഏകാഗ്രതയുടെ പരകോടിവരെ അഭ്യാസിയെ എത്തിക്കും. ആക്രമണസ്വഭാവമല്ല, നിർഭയത്വമാണ് ഒരു കളരി അഭ്യാസിക്ക് ലഭിക്കുന്ന ഒരു വരം. ചികിത്സ കൂടി ഉൾപ്പെടുന്നതിനാൽ ഒരു സാത്വികനാകാനുള്ള വഴികളാണ് ആചാര്യൻമാർ ഈ വിദ്യയിൽ ഉൾച്ചേർത്തുവെച്ചിരിക്കുന്നത്. ശരീര-മന-ആത്മ ഏകതാഭാവം വളർത്തിയെടുക്കാൻ സഹായകമായ ഒരു രീതിയിലാണിതിന്റെ പാഠ്യക്രമം. സ്വരക്ഷയ്ക്കാണ് പൂട്ടുകളെങ്കിലും അത് ഉപയോഗിക്കാതിരിക്കലാണ് പാഠ്യപദ്ധതിയിലെ ഒരു ഗുണം. അഭ്യാസമുറകൾ ഉപയോഗിക്കാതിരിക്കാനും പഠിപ്പിക്കാറുണ്ട്. പയറ്റുകൾ ഒരു കാലത്ത് വ്യാപകമായി ദുരുപയോഗം ചെയ്യപ്പെട്ടിരുന്നു. നാടുവാഴികൾക്കായി ഒട്ടേറെ ഗുരുക്കൻമാർ കുരുതിപ്പൂനലുകളായത് കേരളത്തിലെ സമീപകാലചരിത്രമാണ്. ഇന്ന് ഇത്തരം അസ്വാതന്ത്ര്യം കളരിയിലില്ല. കളരിപ്പയറ്റ് വിദേശങ്ങളിൽ പരിചയപ്പെടുത്താൻ തന്നെ മത്സരമാണിപ്പോൾ.

പയറ്റുമുറകൾ പ്രധാനമായും 18 എണ്ണമാണ്. പൂത്തറ വന്ദനം മുതൽ പുലിയങ്കവും. ഒറ്റപ്പയറ്റും വരെ ഇക്കൂട്ടത്തിലെ ചിലതാണ്. മൃഗപക്ഷിസ്വാധീനങ്ങളും ഇവയുടെ ആകാരവടിവുകളെ-ചലനങ്ങളെ മാതൃകയാക്കിയ പോസുകളും കളരിയിൽ ധാരാളമായി കാണാം. ഗജവടിവ്, സിംഹവടിവ്, സർപ്പവടിവ്, വരാഹവടിവ്, കുക്കുടവടിവ്, മാർജ്ജാരവടിവ്, മത്സ്യവടിവ്, മയൂരവടിവ് ഇങ്ങനെ പോകുന്നു പോസുകൾ. ചൈനീസ് ആയോധനകലയായ കുങ്ഫൂ കുരങ്ങിന്റെ ചലനങ്ങളുടെ അനുകരിക്കുന്ന ഒരു ഉത്തമ പയറ്റ് മാതൃകയാണ്. മീൻപാച്ചിൽ, ആനക്കൊമ്പ് തുടങ്ങിയ ഒറ്റപയറ്റുകളും കളരിയുടെ കൂട്ടത്തിലുണ്ട്.

കളരി അഭ്യാസത്തിലെ പൂട്ടുകൾ വളരെ ശ്രദ്ധേയമാണ്. സെൽഫ് ഡിഫൻസാണിത്. ആക്രമണമല്ല, പ്രതിരോധമാണിതിന്റെ സവിശേഷത. സർപ്പം കെട്ട്, ഗരുഡൻതൂക്കി, ആനവാരി തുടങ്ങിയ മുദ്രകൾ ഈ ലോക്കുകളിൽ കാണാം. നിലംതല്ലി, നാക്കുതിരുപ്പൻ, നക്ഷത്രം നോക്കി എന്നീ ലോക്കുകൾ കഴിഞ്ഞാൽ പിന്നെ അപ്പുറം വേണ്ടിവരില്ലെന്ന് ആശാൻമാർ പറയുന്നു.

**മൃഗപക്ഷിസ്വാധീനങ്ങളും ഇവയുടെ ആകാരവടിവുകളെ–ചലനങ്ങളെ മാതൃകയാക്കിയ പോസുകളും കളരിയിൽ ധാരാളമായി കാണാം.**

## മമ്മയുടെ കഥ പുസ്തകമായി



1992 മുതൽ പ്രസിദ്ധീകരിക്കുന്ന ലിറ്റിൽ മാസികയുടെ രണ്ടാമത്തെ പുസ്തകമാണ് *മറ്റമ്മയുടെ ലോകം.* പുസ്തക വിപണിയിൽ സജീവമായി ഇടപെടുകയല്ല, മറിച്ച് സമാന്തര മാസികാ പ്രവർത്തനത്തിന്റെ ഒരു തുടർ പ്രവർത്തനം തന്നെയാണ് ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണവും.

ജീവിതത്തിന്റെ സാധാരണത്തങ്ങളെ വീണ്ടെടുക്കാനും ജീവിതത്തെ അതിന്റെ സഹജ ഭാവങ്ങളോടെയും സരളതയോടെയും സ്വീകരിക്കാനും നമുക്ക് മാതൃകയാക്കാവുന്നത് നമുക്ക് ചുറ്റുമുള്ള മറ്റ് ജീവജാലങ്ങളെയും പക്ഷി ജന്മങ്ങൾ പോലെ സ്വാഭാവികമായി ജീവിക്കുന്ന നമുക്കിടയിലെ സാധാരണക്കാരായ മനുഷ്യരെയുമാണ്. മഹാത്മാക്കൾ എന്ന് ചരിത്രം അടയാളപ്പെടുത്തുന്നത് ചുരുക്കം ചില വ്യക്തികളെ മാത്രമാണ്. മഹാജീവിതങ്ങൾ പലതും എഴുതപ്പെടാതെ പോയവയാണ്. മഹത്തായ ജീവിതം നയിക്കുന്ന സാധാരണക്കാരെ കുറിച്ച് ലിറ്റിൽ മാസികയുടെ ചില ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മഹത്തായ ജീവിതം നയിച്ച മറ്റമ്മ എന്ന് താൻ വിളിക്കുന്ന തന്റെ മുത്തശ്ശിയെ കുറിച്ച് ശ്രീ. സി. പി. സുരേഷ് ബാബു എഴുതിയ ഓർമ്മക്കുറിപ്പുകൾ മൂന്ന് ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചതിന് വായനക്കാരിൽ നിന്ന് കിട്ടിയ ഹൃദയസ്പർശിയായ പ്രതികരണങ്ങളാണ് ഈ പുസ്തകത്തിന്റെ പ്രേരണ. 1984 ൽ മരണപ്പെട്ടുപോയ സാധാരണക്കാരിൽ സാധാരണക്കാരിയായ ഒരു വീട്ടമ്മയുടെ വിസ്മയകരമായ ജീവിതാനുഭവം സുരേഷ് ബാബു വാക്കുകളിൽ ആവിഷ്കരിക്കുന്നു. സാധാരണക്കാർക്ക് തന്റെ അതിസാധാരണമായ ജീവിത പരിസരത്ത് നിന്നുകൊണ്ടു തന്നെ എപ്രകാരമാണ് മഹത്തായ ഒരു ജീവിതം നയിക്കാനാവുക എന്നതിന്റെ സാക്ഷ്യം കൂടിയായ ഈ ഓർമ്മക്കുറിപ്പുകൾ ലിറ്റിൽ മാസികാ പ്രവർത്തനത്തിന്റെ തുടർച്ചയായാണ് പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നത്.

*(ലിറ്റിൽ മാസിക പ്രസിദ്ധീകരിച്ച മറ്റമ്മയുടെ ലോകം എന്ന പുസ്തകത്തിന് എഴുതിയ എഡിറ്റോറിയൽ കുറിപ്പിൽ നിന്ന്)*

*മറ്റമ്മയുടെ ലോകം* പുസ്തകം വിലയായ 50 രൂപ അയച്ചുതന്നാൽ മടക്കത്തപാലിൽ അയച്ചു തരാം.

-എഡിറ്റർ

ടി.ഐ. ലാലു

# ചാരിറ്റി റഫ്രിജറേറ്റർ

തീൻപണ്ടങ്ങൾ റഫ്രിജറേറ്ററുകളിൽ ശേഖരിക്കുന്നതും ആവശ്യം വരുമ്പോൾ എടുത്ത് ഉപയോഗിക്കുന്നതും നമുക്ക് നിത്യപരിചയമാണല്ലോ. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി ഭക്ഷ്യവസ്തുക്കൾ സംഭാവന ചെയ്യുന്നതിനും ആവശ്യക്കാർക്ക് എടുത്തുകൊണ്ടുപോകുന്നതിനുമായി സൗദി അറേബ്യയുടെ വടക്കുപടിഞ്ഞാറു ഭാഗത്തുള്ള ഹെയ്ൽ (Ha'il) പട്ടണത്തിലെ ഒരു മനുഷ്യസ്നേഹി തന്റെ വീടിനുപുറത്ത് ഒരു റഫ്രിജറേറ്റർ സ്ഥാപിക്കുകയുണ്ടായി. 'ധർമ്മ റഫ്രിജറേറ്റർ' (ചാരിറ്റി റഫ്രിജറേറ്റർ) എന്ന പുതുമയാർന്ന ആശയം നടപ്പിലാക്കിയ ഇദ്ദേഹം, ഇടതുകൈ ചെയ്യുന്നത് വലതുകൈ അറിയരുതെന്നു നിർബന്ധമുള്ള ഒരു വ്യക്തിയാണ്. ആയതിനാൽ ഇദ്ദേഹത്തിന്റെ പേരുവിവരം അജ്ഞാതമാണ്. പക്ഷേ, പ്രമുഖ മുസ്ലിം മതപുരോഹിതൻ ഷെയ്ഖ് മുഹമ്മദ് അൽ അരാഫെ ഇതേക്കുറിച്ച് ട്വിറ്ററിൽ രേഖപ്പെടുത്തിയതിനെ തുടർന്ന് നിരവധി പേർ ഈ സൽപ്രവൃത്തിയെ പ്രകീർത്തിക്കുകയുണ്ടായി. അന്നന്നേരത്തെ ആഹാരത്തിനായി ഞെരുങ്ങുന്ന സ്വന്തം അയൽക്കാരെ സഹായിക്കാൻ എന്തു ചെയ്യുവാൻ കഴിയും എന്നു ചിന്തിക്കാൻ ഈ സംഗതി പലരേയും പ്രേരിപ്പിച്ചു. ചിലർ ഈ ധർമ്മ റഫ്രിജറേറ്ററിന്റെ മാതൃക അതേപടി പിന്തുടരുക തന്നെ ചെയ്തു. വളരെയേറെ ആഹാരപദാർത്ഥങ്ങൾ പാഴാക്കി കളയുന്ന ഒരു കെട്ട കാലമാണിത്. അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും മൊത്തം പാഴാക്കി കളയുന്ന ഭക്ഷ്യവസ്തുക്കളുണ്ടെങ്കിൽ ലോകത്തിലെ മുഴുവൻ അത്താഴപ്പട്ടിണിക്കാരെയും തീറ്റിപ്പോറ്റാനാകും എന്നാണ് ഇതു സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ പറയുന്നത്. ആയതിനാൽ ആവശ്യക്കാർക്ക് ആഹാരം ലഭ്യമാക്കാനുള്ള എത്ര ചെറിയ ശ്രമവും ശ്ലാഘനീയമാണ്.

70 കളുടെ അവസാനത്തിൽ മുംബൈയിൽ താമസിക്കുമ്പോൾ കണ്ടുപരിചയിച്ച ഒരു കാര്യം ഈ സന്ദർഭത്തിൽ ഓർമ്മ വരുന്നു. അവിടെ രാത്രിനേരങ്ങളിൽ ഫ്ളാറ്റുകളുടെയും ഹൗസിംഗ് കോളനികളുടെയും താഴെ വന്ന് പട്ടിണിപ്പാവങ്ങൾ ആഹാരത്തിനായി വിളിച്ചുകൂവും. 'ബാക്കിവാല' എന്നാണ് ഇക്കൂട്ടരെ വിളിച്ചിരുന്നത്. ബാക്കിവാലകളുടെ പട്ടിണിപ്പാട്ട് കേൾക്കുമ്പോൾ ചില ഉദാരമതികൾ അത്താഴശേഷം ബാക്കിവരുന്ന ആഹാരസാധനങ്ങൾ ഇവർക്ക് കൊടുക്കുക പതിവാണ്. ഉപവിപ്രവർത്തനങ്ങൾക്ക് പൊതുവെയുള്ള വിധേയത്വത്തിന്റേതായ ഒരു കയ്പ്പുരസം ഈ രാത്രികാല അന്നദാനത്തിനുമുണ്ട്. ബാക്കിവാല എന്ന വിളിയിൽ തന്നെ നമുക്ക് ഇതു തെളിഞ്ഞുകാണാം. പക്ഷേ, ധർമ്മ റഫ്രിജറേറ്ററിൽ ഈ കയ്പ്പുരസം അത്ര രൂക്ഷമായി പുരണ്ടിട്ടില്ല.

ലോകത്തിന്റെ പല ഭാഗങ്ങളിലും സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങൾ കാരണം നട്ടംതിരിയുന്ന ജനസമൂഹങ്ങൾ സ്വന്തം നിലയിൽ തന്നെ അവയ്ക്കുള്ള പരിഹാരങ്ങൾ കാണുവാനുള്ള ശേഷി തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്നുവെന്ന് ഇത്തരം മുൻകയ്യുകൾ സൂചിപ്പിക്കുന്നു. (പണത്തിളക്കം ഏറെയുള്ള സൗദി അറേബ്യയിൽ പോലും) സർക്കാരിന്റെയും മറ്റു ഏജൻസികളുടെയും സവിധത്തിലേക്കു യാചനായാത്രകൾ നടത്താതെ നമ്മുടെ പിന്നാമ്പുറത്തു നിന്നു പരിഹാരങ്ങൾ കണ്ടെത്തുന്നതാണ് എന്തുകൊണ്ടും ഉത്തമം. കാരണം അതിനുപിന്നിൽ യാതൊരു വിധ കാണാച്ചരടുകളും ഉണ്ടായിരിക്കുകയില്ല. കൂടാതെ ഇത്തരം പരിഹാരങ്ങൾ പലപ്പോഴും സുസ്ഥിരവും ആയിരിക്കും.

# നമുക്കും വേണം കാർ ഷെയറിംഗ് ക്ലബ്ബുകൾ

മോട്ടോർ വാഹനങ്ങളുടെ പെരുപ്പം ആഗോള താപനം പോലുള്ള ഒട്ടേറെ ഗുരുതര പ്രശ്നങ്ങൾ ലോകമെമ്പാടും സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണല്ലോ. അതോടൊപ്പം ഈ കൊടുംവിപത്തിനെ മറികടക്കാനുള്ള തീവ്രശ്രമങ്ങൾ പലയിടങ്ങളിലും ഇന്ന് നടന്നുവരുന്നുമുണ്ട്. അത്തരത്തിലുള്ള ഒരു നാടാണ് സ്കോട്ട്ലാന്റ്. കാറുകളുടെ എണ്ണം പരമാവധി കുറച്ചുകൊണ്ടുവരുന്നതിനായി സ്കോട്ട്ലാന്റിൽ കാർ ഷെയറിംഗ് ക്ലബ്ബുകൾ വളരെ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ബ്രിട്ടനിൽ ലണ്ടൻ നഗരത്തിനു പുറത്തുള്ള ഏറ്റവും പഴക്കവും വലുപ്പവുമുള്ള കാർ ഷെയറിംഗ് ക്ലബ്ബ് സ്കോട്ട്ലാന്റിലാണുള്ളത്. എഡിൻബർഗ് സിറ്റി കാർ ക്ലബ്ബ് എന്നാണ് ഇതിന്റെ പേര്. ഇവർക്ക് 114 ഷെയറിംഗ് വാഹനങ്ങളുണ്ട്.

കാർ ഷെയറിംഗ് ക്ലബ്ബുകൾ സ്കോട്ട്ലാന്റിലെ നിരത്തുകളിൽ കാറുകളുടെ ബാഹുല്യം ഗണ്യമായി കുറക്കുന്നു. കൂടാതെ മലിനീകരണം കുറഞ്ഞ വാഹനങ്ങൾ ലഭ്യമാക്കുന്നു. ഇവിടുത്തെ കാർ ഷെയറിംഗ് ക്ലബ്ബിന്റെ ഒരു കാർ നിരത്തിലിറങ്ങുമ്പോൾ ഏതാണ്ട് 15 സ്വകാര്യ കാറുകൾ നിരത്തുകളിൽ നിന്ന് പിൻവലിക്കപ്പെടുന്നുണ്ട്. ക്ലബ്ബ് കാറുകൾ സജീവമായതോടെ ക്ലബ്ബ് അംഗങ്ങൾ തങ്ങളുടെ കാറുകൾ വിൽക്കുകയോ പുതിയ കാർ വാങ്ങാനുള്ള നീക്കം ഉപേക്ഷിക്കുകയോ ചെയ്യുന്നതായി സ്കോട്ട്ലാന്റിലെ മറ്റൊരു പ്രമുഖ കാർ ഷെയറിംഗ് ഗ്രൂപ്പായ കാർ പ്ലസ് ചൂണ്ടിക്കാട്ടുന്നു.

കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികൾ നേരിടുവാനുള്ള നേരായ വഴിയിൽ എത്തിച്ചേരുന്നതിനു കാറുകളിൽ നിന്നുള്ള വിസർജ്ജനങ്ങൾ കാര്യമായി കുറക്കേണ്ടത് അനിവാര്യമാണ്. ഒരു സാധാരണ കാറുമായി തട്ടിച്ചുനോക്കുമ്പോൾ ക്ലബ്ബ് കാറുകൾ കാർബൺ വിസർജ്ജനം മുപ്പത് ശതമാനം കണ്ട് കുറച്ചു മാത്രമേ നടത്തുന്നുള്ളൂവെന്ന് ഇതു സംബന്ധിച്ചു നടന്ന സർവ്വെകൾ പറയുന്നു. ക്ലബ്ബ് കാറുകളിൽ

....അടുത്ത പേജിൽ തുടർച്ച

കഥ

# അപരിചിതർ

ഷാഹുൽ ഹമീദ് കെ.ടി.

മരത്തിൽ പൂക്കൾ വിരിഞ്ഞപ്പോൾ അയാളതിലേക്കാദ്യമായി നോക്കി "ഇങ്ങനെയൊരു മരം എന്റെ തൊടിയിലുണ്ടായിരുന്നോ...? നല്ല ഭംഗിയുള്ള പൂക്കൾ!" അയാൾ വീട്ടിലേക്ക് കയറുമ്പോൾ മരം മൊഴിഞ്ഞു: എന്റെ മുരട്ടിൽ ഇടയ്ക്കിടയ്ക്ക് കരിയിലകൾ കൂട്ടി കത്തിക്കാറുണ്ടായിരുന്നല്ലോ നിങ്ങൾ...... എന്നിട്ടും നിങ്ങളെന്നെ കണ്ടില്ലേ......! പൂക്കൾ പൊഴിയുമ്പോൾ അയൽവാസി അത്ഭുതപ്പെട്ടു. "ചുമന്ന പൂക്കൾ കൊഴിഞ്ഞപ്പോൾ മഞ്ഞ കായ്കൾ! ഈ മരത്തെ ഞാൻ കണ്ടിരുന്നേയില്ല...!" മരം ചില്ലകളുലച്ച് പറഞ്ഞു: എന്റെ ശാഖകൾ നിങ്ങളുടെ തൊടിയിലേക്ക് നീളുമ്പോഴെല്ലാം നിങ്ങളതു വെട്ടിമാറ്റിയിരുന്നത് മറന്നോ....? കായ്കൾക്കു മുഴുപ്പായപ്പോൾ അതുവഴി പോവാറുള്ള സ്ത്രീ മരത്തെ നോക്കി നടന്നുനീങ്ങുമ്പോൾ പറഞ്ഞു. "ഓ..! പഴങ്ങൾക്ക് മെറൂൺ നിറമാണല്ലോ...! ഇതേത് മരമാണ്, ഇതീ വഴിയിലുണ്ടായിരുന്നോ...?" മരമപ്പോൾ ഇലകളനക്കി ചിരിച്ചു: വെയിലിൽ വിയർത്തൊലിച്ച് നിങ്ങളെത്രയോ തവണ എന്റെ തണൽപറ്റി നിന്നിട്ടില്ലേ..... എന്നിട്ടും നിങ്ങളെന്നെ...!!



........കാർ ഷെയറിംഗ്

പത്തിൽ ഒമ്പതെണ്ണത്തിനും മികച്ച സാങ്കേതിക വിദ്യകൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ നൈട്രജൻ ഓക്സൈഡ്, പർട്ടിക്കുലേറ്റ് മാറ്റർ എന്നിങ്ങനെയുള്ള മാലിന്യങ്ങളും പരിമിതപ്പെടുത്താൻ കഴിയുന്നുണ്ട്. അങ്ങനെ ജനങ്ങളുടെ ആരോഗ്യത്തിനും ജീവനും ഹാനികരമായ വായുമലിനീകരണം ഒരു പരിധി വരെ പിടിച്ചുനിർത്തുവാനാകുന്നു. ക്ലബ്ബ് കാറുകൾ വായുവിന്റെ ഗുണമേൻമയിൽ കാതലായ മാറ്റം സൃഷ്ടിച്ചുവെന്ന് സ്കോട്ട്ലാന്റിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് മോട്ടോറിസ്റ്റ്സ് (Institute of Advanced Motorists, Scotland) എന്ന സംഘടനയുടെ നയരൂപീകരണവിഭാഗം ഡയറക്ടറും ഗവേഷകനുമായ നീൽ ഗ്രിഗ് (Neil Greig) അഭിപ്രായപ്പെടുന്നു. 24 ലക്ഷം കാറുകളുള്ള സ്കോട്ട്ലാന്റിനെ സംബന്ധിച്ചിടത്തോളം കാർ ഷെയറിംഗ് ക്ലബ്ബുകൾ നല്ലൊരു മുൻകൈ തന്നെയാണ്.

കാറുകളുടെയും മറ്റും എണ്ണം അനുദിനം കൂടിവരുന്ന നമ്മുടെ നാട്ടിലും കാർ ഷെയറിംഗ് പോലുള്ള ജനകീയ സംരംഭങ്ങൾ ഉണ്ടാകേണ്ടതുണ്ട്. മറുനാടുകളിലെ കാർ ഷെയറിംഗ് ക്ലബ്ബുകളുടെ രീതിശാസ്ത്രം പരിശോധിച്ച് അവ നമ്മുടെ നാടിനു യോജിച്ച പ്രകാരം നടപ്പിലാക്കുവാനുള്ള ശ്രമങ്ങൾ അധികം വൈകാതെ ആരംഭിക്കാവുന്നതാണ്. സംസ്ഥാന ധനകാര്യ-ഗതാഗത വകുപ്പും മറ്റും ഇത്തരം ശ്രമങ്ങൾക്ക് സർവ്വവിധ പിന്തുണയും സഹായവും നൽകുവാൻ മുന്നോട്ടു വരേണ്ടതുമാണ്.

- ടി.ഐ. ലാലു

ധ്യാനകഥ

# നിലാവ്

മലമുകളിലെ കുടിലിൽ വളരെ പ്രായം ചെന്ന ഒരാൾ തനിച്ച് താമസിക്കുകയായിരുന്നു. ഒരു ദിവസം രാത്രിയിൽ ഒരു മോഷ്ടാവ് അവിടെയെത്തി.എന്തോ ശബ്ദം കേട്ട് എഴുന്നേറ്റ വൃദ്ധനായ വീട്ടുകാരന്റെ മുന്നിൽ തന്നെ മോഷ്ടാവ് വന്നുപെട്ടു.വൃദ്ധന്റെ കയ്യിൽ ആകെ തുള വീണ ഒരു കമ്പിളിപ്പുതപ്പുമാത്രമെ ഉണ്ടായിരുന്നുള്ളൂ.ആ പുതപ്പ് മോഷ്ടാവിനു നൽകി പറഞ്ഞയച്ചു.നല്ല തണുപ്പുള്ള രാത്രിയായിരുന്നു അത്.എല്ലു തുളയ്ക്കുന്ന തണുപ്പിൽ വൃദ്ധന് ഉറങ്ങാൻ കഴിഞ്ഞില്ല.അയാൾ പതുക്കെ ജനാലയിലൂടെ പുറത്തേക്ക് നോക്കി.പാൽനിലാവിൽ കുളിച്ച് താഴ്വര അത്യന്തം മനോഹരമായി കാണപ്പെട്ടു.നിലാവും നിഴലും ഇടകലർന്ന് എഴുതിയ മനോഹര ദൃശ്യത്തിൽ മുഴുകിയപ്പോൾ തണുപ്പു തോന്നിയില്ല .പെട്ടെന്ന് അയാൾക്ക് വല്ലാത്ത കുറ്റബോധം തോന്നി.അയാൾ മനസ്സിൽ ഓർത്തു. ഈ കൊടുത്തയക്കാൻ കഴിഞ്ഞില്ലല്ലോ...





# ലക്ഷ്വറി ജേണലിസം

*ഒരു 'ഹൈ എൻഡ് ലക്ഷറി ലൈഫ്' സ്വപ്നം കാണാൻ സമൂഹത്തെ പ്രേരിപ്പിക്കുന്ന പ്രസിദ്ധീകരണങ്ങളെ മുൻനിർത്തി ചില ആലോചനകൾ..*

'ദ മാൻ' എന്ന പ്രസിദ്ധീകരണം ന്യൂസ്റ്റാൻഡുകളിൽ കണ്ടപ്പോൾ മുംബൈയിൽ നിന്നോ മറ്റോ ഉള്ളതാണ് എന്നാണ് വിചാരിച്ചത്. കയ്യിലെടുത്ത് നോക്കിയപ്പോഴാണ് മനോരമയുടെ പ്രസിദ്ധീകരണമാണെന്ന് മനസ്സിലായത്. മാസികയുടെ വെബ്സൈറ്റ് സന്ദർശിച്ചപ്പോഴാണ് കൂടുതൽ വിവരങ്ങൾ കിട്ടി. അടുത്തിടെ മാഗസിൻ പുതിയ രൂപകൽപ്പന സ്വീകരിച്ചതിനെ കുറിച്ച് എഡിറ്റർ പറയുന്നത് ഒരു സാധാരണ 'ലൈഫ് സ്റ്റൈൽ' മാഗസിനിൽ നിന്ന് ഒരു 'ഹൈ എൻഡ് ലക്ഷറി' മാഗസിനായി മാറ്റുന്നതിനാണ് രൂപമാറ്റം മാഗസിന് കൂടുതൽ പരസ്യക്കാരെ കിട്ടുന്നുണ്ടെന്നും ലക്ഷറി ഇടപാടുകാരെയും പുതിയ അഭിരുചികളുള്ള വായനക്കാരെയും മുന്നിൽ കണ്ട് സാധാരണ ലൈഫ് സ്റ്റൈൽ മാഗസിനിൽ നിന്ന് ലക്ഷറി മാഗസിനായി പരിവർത്തിപ്പിക്കുന്നത് ഫലപ്രദമാണ് എന്നാണ് എഡിറ്ററുടെ വിശദീകരണം. മാഗസിൻ അടിമുടി ആഢംബരത്തിന്റെ ആദർശത്തെ പ്രതിനിധീകരിക്കുന്നതാണ്. വില 100 രൂപയാണ് ഒരു കോപ്പിയുടെ വില.

100 രൂപ വില വരുന്ന 'വാച്ച് ടൈം ഇന്ത്യ' എന്ന വാച്ചുകൾക്ക് മാത്രമായുള്ള പ്രസിദ്ധീകരണവും മനോരമയുടെ വകയായുണ്ട്. ഇതേ പേരിൽ 1999 മുതൽ ന്യൂയോർക്കിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഇന്റർനാഷണൽ വാച്ച് മാഗസിന്റെ ഇന്ത്യൻ എഡിഷനാണ് 2012 മുതൽ മനോരമ പ്രസിദ്ധീകരിക്കുന്നത്. ഉള്ളടക്കം: ആഢംബര വാച്ചുകൾ, വാച്ചുകളുടെ ശേഖരണം....... തുടങ്ങിയ ആഢംബര വിചാരങ്ങൾ.

മനോരമയുടെ തന്നെ ഫാസ്റ്റ് ട്രാക്ക് എന്ന മാഗസിൻ വാഹനങ്ങളെക്കുറിച്ചുള്ളതാണ്. 'ഏറ്റവും വേഗതയേറിയ പൾസർ' എന്ന കവർസ്റ്റോറിയുള്ള ലക്കം ശ്രദ്ധയിൽ പെട്ടു. അതിവേഗം പായുന്ന ബൈക്കുകൾ ഏറ്റവും പുതിയ കാറുകളുടെ വിവരണങ്ങൾ ഇവയൊക്കെയാണ് ഉള്ളടക്കം. ട്രെയിൻ യാത്രയ്ക്കിടയിൽ ഒരിക്കൽ ഫാസ്റ്റ് ട്രാക്ക് മാഗസിൻ വായിക്കുന്ന യുവാവിനെ ഓർത്തു. ഏറ്റവും പുതിയ അതിവേഗ ബൈക്കുകളുടെ ചിത്രങ്ങളിൽ കണ്ണുടക്കിയിരിക്കുന്ന യുവാവ് ഈ കാലത്തിന്റെ പ്രതിനിധിയാണ് എന്ന് മാദ്ധ്യമങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നു.

വായനക്കാർക്ക് വേണ്ടത് കൊടുക്കുക, കാലത്തിനൊത്ത് നീങ്ങുക എന്നതാണ് പുതിയ കാലത്തെ ജേണലിസം. പക്ഷേ ഈ കാലത്തെ കാലത്തിന്റെ ഇത്തരം അഭിരുചികളെ ഈ പത്രമാധ്യമങ്ങൾ തന്നെയല്ലേ രൂപപ്പെടുത്തിയത്?

ഇവിടെ ഉദാഹരണമായി പറഞ്ഞത് മലയാള മനോരമ എന്ന പ്രസിദ്ധീകരണ സ്ഥാപനത്തിന്റെ മൂന്ന് പ്രസിദ്ധീകരണങ്ങളെ കുറിച്ചാണ് . മനുഷ്യനിൽ ആഢംബര ജീവിതത്തിനോടുള്ള ഭ്രമം സ്വാഭാവികമാണ്. പക്ഷേ ലക്കം ലഗാനുമില്ലാത്ത ആഢംബര ജീവിതം ആത്യന്തിക ജീവിതദർശനമായി അവതരിപ്പിക്കപ്പെടാതെ ശ്രദ്ധിക്കേണ്ടതല്ലേ. ഇത്തരം പത്രസ്ഥാപനങ്ങൾ തന്നെയാണ് ജലസംരക്ഷണം പ്രകൃതിസംരക്ഷണം എന്നും മറ്റും പറഞ്ഞുള്ള കാമ്പയിനുകളും മറ്റും നടത്തുന്നത്. എന്താണ് പ്രകൃതി സംരക്ഷണത്തിന്റെ അന്ത:സത്ത? വിഭവങ്ങളെ ധൂർത്ത് ചെയ്യാത്ത സംയമനത്തോടെയുള്ള ഉപഭോഗവും നാളെയെക്കരുതിയുള്ള മിതശീലവും ഒക്കെയല്ലേ പ്രകൃതിസംരക്ഷത്തിന് മനുഷ്യന് ചെയ്യാവുന്നത്? ആവശ്യത്തിൽ കൂടുതൽ എഞ്ചിൻ ശേഷിയും വേഗതയും ഉള്ള മോട്ടോർ ബൈക്കുകൾ ചെറുപ്പക്കാരുടെ ഹരമാവുന്നതും അപകടമരണവും തമ്മിലുള്ള ബന്ധം വ്യക്തമാണ്. കഷ്ടിച്ച് 50 കിലോമീറ്റർ സ്പീഡിൽ പോലും യാത്ര ചെയ്യാനാവാത്ത നിരത്തുകളും തെരുവുകളുമുള്ള നമ്മുടെ നാട്ടിൽ വായുവേഗത്തിൽ പായുന്ന മോട്ടോർ ബൈക്കിനെ പ്രമോട്ട് ചെയ്യുന്നതെന്തിന്? യൗവ്വനങ്ങളെ അപകടമരണത്തിലേക്ക് പ്രലോഭിപ്പിച്ച് കൊണ്ടുപോകുന്ന മരണ വാഹനങ്ങളെ കുറിച്ച് പൊലിപ്പിച്ച് എഴുതുന്ന പ്രസിദ്ധീകരണം നടത്തുകയും മോട്ടോർ വാഹനാപകടത്തിൽ മരണപ്പെടുന്നവരെക്കുറിച്ചോർത്ത് ലേഖന പരമ്പരയും കാമ്പയിനുകളും മറ്റും നടത്തുന്നതിന്റെ വൈരുദ്ധ്യം അലോചിക്കേണ്ടതാണ്.

ഒരു 'ഹൈ എൻഡ് ലക്ഷറി ലൈഫ്' സ്വപ്നം കാണാൻ സമൂഹത്തെ പ്രേരിപ്പിക്കുന്ന ഇത്തരം പ്രസിദ്ധീകരണങ്ങൾ ഇടയ്ക്കെങ്കിലും ഒന്ന് കണ്ണോടിക്കണം. നമുക്ക് ആവശ്യമില്ലാത്ത എന്തൊക്കെ കാര്യങ്ങൾ ഉണ്ട് എന്ന് മനസ്സിലാക്കാനെങ്കിലും...











**കഷ്ടിച്ച് 50 കിലോമീറ്റർ സ്പീഡിൽ പോലും യാത്ര ചെയ്യാനാവാത്ത നിരത്തുകളും തെരുവുകളുമുള്ള നമ്മുടെ നാട്ടിൽ വായുവേഗത്തിൽ പായുന്ന മോട്ടോർ ബൈക്കിനെ പ്രമോട്ട് ചെയ്യുന്നതെന്തിന്?**



ഫോട്ടോ-അരുൺ പി.സി.



# ഭൂമിയുടെയും മനുഷ്യരുടെയും ഫോട്ടോഗ്രാഫർ

എം.പി. പ്രതീഷ്

കാഴ്ചയുടെ കലയാണ് ഫോട്ടോഗ്രഫി. പ്രകാശവും നിഴലുകളുമാണ് അതിന്റെ ഭാഷ. ഫോട്ടോഗ്രാഫറുടെ നോട്ടപ്പാടും മനസ്സും നിലപാടുമാണ് അയാളുടെ ചിത്രങ്ങളെ വ്യത്യസ്തമോ സുന്ദരമോ ആക്കുന്നത്. എന്തു കാണണമെന്നും എങ്ങനെ കാണണമെന്നും അയാൾക്ക് തീർച്ചയുണ്ട്. ഏറെക്കുറെ ഒരേ മട്ടിലായിക്കഴിഞ്ഞ നമ്മുടെ കാലത്തെ, നമ്മുടെ ലോകത്തെ തന്റേതായ മിഴികൾ കൊണ്ട് ഒരാൾ കാണാൻ തുടങ്ങുമ്പോൾ ലോകമെന്ന ദൃശ്യം മാറിത്തുടങ്ങുന്നു.

അതുവരെ കാണാതിരുന്ന നിറങ്ങൾ, രൂപങ്ങൾ കാഴ്ചയിലേക്കു തെളിഞ്ഞുവരുന്നു. കാണാതിരുന്ന മനുഷ്യർ, ജീവികൾ, ഭൂമി, വസ്തുക്കൾ ഒക്കെയും തെളിഞ്ഞുവരുന്നു. നോട്ടത്തിന്റെ രാഷ്ട്രീയം അതിൽ രേഖപ്പെട്ടിരിക്കും. അത് ലോകത്തിനോട് പുതിയ ചില വസ്തുതകൾ പങ്കുവെക്കും.

> 'ചെറുതിന്റെ രാഷ്ട്രീയം' എന്ന് പേരിട്ട അരുണിന്റെ ചിത്രങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ നാം ഭൂമിയുടെ, ജീവന്റെ രഹസ്യങ്ങളിലൂടെയാണ് യാത്ര ചെയ്യുക.

അരുൺ പി.സി. എന്ന ഫോട്ടോഗ്രാഫർ ചിത്രങ്ങൾ പുതിയ ഒരു ദൃശ്യാനുഭവത്തെയാണ് നമുക്ക് നൽകുന്നത്. ഭൂമിയുടെ രാഷ്ട്രീയമാണ് അരുണിന്റെ സൗന്ദര്യദർശനത്തെ നിർണ്ണയിക്കുന്നത്. നാഗരിക ലോകം അപ്രസക്തവും നിസ്സാരവുമായി തള്ളിക്കളയാൻ ശീലിപ്പിച്ച ചെറിയ ജീവിതങ്ങളാണ് അരുണിന്റെ ക്യാമറക്കുള്ളിൽ കയറിക്കൂടുന്നത്. ചെറിയ സസ്യങ്ങൾ, ചെറിയ പ്രാണികൾ, ചെറിയ മനുഷ്യർ അങ്ങനെയങ്ങനെ. ഒരു വന്യജീവി ഫോട്ടോഗ്രാഫറുടെ സാഹസികമോ അസാധ്യമോ ആയ ദൃശ്യാനുഭവത്തെയല്ല അരുൺ അന്വേഷിക്കുന്നത്. ചെറിയ ശലഭങ്ങൾ, ചെറു


നോട്ടീസ് ബോർഡ്

## വിദ്യാർത്ഥികൾക്കും യുവജന പ്രവർത്തകർക്കും പ്രകൃതി സഹവാസക്യാമ്പ്

പരിസ്ഥിതി വിദ്യാഭ്യാസ പരിപാടികളുടെ ഭാഗമായി നിലമ്പൂർ പ്രകൃതിപഠന കേന്ദ്രം വിദ്യാർത്ഥികൾ, യുവജന പ്രവർത്തകർ എന്നിവർക്കായി മെയ് 23, 24 തിയ്യതികളിൽ നിലമ്പൂരിൽ വെച്ച് ദ്വിദിന പ്രകൃതി സഹവാസ ക്യാമ്പും വനപഠനയാത്രയും സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഡയറക്ടർ, പ്രകൃതിപഠന കേന്ദ്രം, നിലമ്പൂർ, 679329 എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്യണം. ഫോൺ: 9946892575


## പെരുമഴ ക്യാമ്പ് 2015

മഴയുടെ നനവും നാട്ടറിവും നാനാർത്ഥങ്ങളുമായി ഇത്തവണത്തെ പെരുമഴ ക്യാമ്പും മഴ നടത്തവും ജൂലൈ 11, 12 തിയ്യതികളിൽ നിലമ്പൂരിലെ മഴ പൊഴിയുന്ന വനത്തിൽ വെച്ച് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഡയറക്ടർ, പ്രകൃതി പഠനകേന്ദ്രം, നിലമ്പൂർ, 679329 എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്യണം.

## കേരള പഠനയാത്ര

കേരളത്തിലെ വ്യത്യസ്ത ആവാസ വ്യവസ്ഥകളിലേക്ക് നിലമ്പൂർ പ്രകൃതിപഠനകേന്ദ്രം സംഘടിപ്പിക്കുന്ന പ്രതിമാസ പഠന-നിരീക്ഷണ യാത്രകളിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ

9946892575 ൽ വിളിച്ച് രജിസ്റ്റർ ചെയ്യണം.







അരുൺ പി.സി. എന്ന ഫോട്ടോഗ്രാഫർ ചിത്രങ്ങൾ പുതിയ ഒരു ദൃശ്യാനുഭവത്തെയാണ് നമുക്ക് നൽകുന്നത്. ഭൂമിയുടെ രാഷ്ട്രീയമാണ് അരുണിന്റെ സൗന്ദര്യദർശനത്തെ നിർണ്ണയിക്കുന്നത്. നാഗരിക ലോകം അപ്രസക്തവും നിസ്സാരവുമായി തള്ളിക്കളയാൻ ശീലിപ്പിച്ച ചെറിയ ജീവിതങ്ങളാണ് അരുണിന്റെ ക്യാമറക്കുള്ളിൽ കയറിക്കൂടുന്നത്.

പുഴുക്കൾ, തുമ്പികൾ, തവളകൾ, പ്രാണികൾ ഒക്കെയും തിരസ്കൃതരായ മനുഷ്യരെന്ന പോലെയാണ് അരുണിന്. അതിനാൽ അയാൾ മനുഷ്യരെക്കുറിച്ചു തന്നെയാണ് ഈ ചിത്രങ്ങളിലൂടെ പറയുന്നത്. വലിയ ലോകത്തിലെ വലിയ ജീവിതത്തിനു പുറത്തുപേക്ഷിക്കപ്പെട്ട സാധാരണ മനുഷ്യരുടെ ആധികളും അഭയവും ആനന്ദവും അരുൺ ചെറുജീവികളിലൂടെ എഴുതുന്നു. 'ചെറുതിന്റെ രാഷ്ട്രീയം' എന്ന് പേരിട്ട അരുണിന്റെ ചിത്രങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ നാം ഭൂമിയുടെ, ജീവന്റെ രഹസ്യങ്ങളിലൂടെയാണ് യാത്ര ചെയ്യുക. പ്രകൃതിയുടെയും മനുഷ്യരുടെയും ലോകങ്ങൾ തമ്മിലുള്ള അകലത്തെ കുറിച്ച് നാമോർക്കുന്നു. ആഗോളീകരണത്തിനും കമ്പോള ജീവിതത്തിനും മുമ്പ് കുത്തക കമ്പനികളുടെയും കോർപറേറ്റ് ഭരണകൂടങ്ങളുടെയും അടിമവ്യവസ്ഥകൾക്കും മുമ്പ് മനുഷ്യർ ആവിഷ്കരിച്ച ഒരു ജീവലോകമുണ്ട്. അതിന്റെ നൈതികവും രാഷ്ട്രീയവുമായ സാധ്യതകളെയാണ് അരുൺ ഫോട്ടോഗ്രഫിയിലൂടെ മുന്നോട്ടു വെക്കുന്നത്. അത് മുഴുവൻ ഗോത്രമനുഷ്യർക്കും വേണ്ടി, മുഴുവൻ ജീവകുലത്തിനും വേണ്ടിയുള്ള ഒരു ചെറിയ സമരമാണ്. ഇടപെടലാണ്. ഈ സൗന്ദര്യദർശനത്തെ ഒരു സമൂഹം പങ്കുവെക്കുമ്പോൾ തീർച്ചയായും നമ്മുടെ ലോകം ഇതുപോലെത്തന്നെ തുടരുകയില്ല. നമുക്ക് ഒരു കവിതാശകലം ഓർമ്മിക്കാം.

എന്റെ രാഷ്ട്രീയം ഭൗമികമാകുന്നു.
എല്ലാ രാഷ്ട്രങ്ങളും കൊഴിഞ്ഞാലും
ഒരൊറ്റ പുഴുവിന്റെ അവകാശത്തിനുവേണ്ടി
അതു തുടർന്നു കൊണ്ടിരിക്കും
- മേതിൽ രാധാകൃഷ്ണൻ

*(വയനാട്ടിൽ മാനന്തവാടി സ്വദേശിയായ അരുൺ. വി.സി. ചിത്രകാരനും ഗ്രാഫിക് ഡിസൈനറുമാണ്. വിലാസം: ലിറിക്, എടയൂർകുന്ന്, കാട്ടിക്കുളം പി.ഒ., മാനന്തവാടി. E-mail: arunvci@gmail.com)*

*ഫോട്ടോ-അരുൺ പി.സി.*




## ലിറ്റിൽ മാസിക നിലനിൽക്കുന്നത്...

### വരിസംഖ്യ കൊണ്ടാണ്..

അതിനാൽ ദയവായി ഇന്നുതന്നെ വരിസംഖ്യ അയച്ചു തരിക. ഒരു വർഷത്തേക്ക് 150 രൂപ

*ബാങ്ക് അക്കൗണ്ടിലേക്കും പണമയക്കാം*
*അക്കൗണ്ട് നമ്പർ -*
**ബിജു ജോൺ**
*0857101067932*
*(കാനറ ബാങ്ക് എടക്കര ശാഖ)*

**ലിറ്റിൽ മാസിക**
**ചുങ്കത്തറ പി.ഒ.,**
**മലപ്പുറം 679334**

RN67322 /94
Postal Reg.No.KL/MJI/82/2012-15 **Little Masika** Rs.10/-



**മലയാളത്തിൽ ആദ്യമായി ലിറ്റിൽ മാസിക പരിചയപ്പെടുത്തിയ റയാന്റെ കഥ പുസ്തകരൂപത്തിൽ**



# റയാന്റെ കഥ പുസ്തകമായി

റയാനെ ഓർമ്മയില്ലേ? കാനഡയിലെ അഞ്ചുവയസ്സുകാരൻ. ക്ലാസ് ടീച്ചർ കുടിവെള്ളം കിട്ടാതെ കഷ്ടപ്പെടുന്ന കുട്ടികളെ കുറിച്ച് ക്ലാസിൽ പറഞ്ഞതിൽ നിന്നും പ്രചോദനമുൾക്കൊണ്ട് വീട്ടുകാരിൽ നിന്നും കൂട്ടുകാരിൽ നിന്നുമൊക്കെ നാണയത്തുട്ടുകൾ ശേഖരിച്ച് തുടങ്ങിയ എളിയ ശ്രമം ഒടുവിൽ ലോകത്തെല്ലായിടത്തും കുടിവെള്ളമെത്താത്ത ഇടങ്ങളിൽ കിണർ നിർമ്മിച്ചുകൊടുക്കുന്ന റയാൻ ഫൗണ്ടേഷൻ എന്ന മഹാപ്രസ്ഥാനമായി മാറിയ കഥയെ വെല്ലുന്ന അനുഭവകഥ മലയാളത്തിൽ ആദ്യമായി പ്രസിദ്ധീകരിച്ചത് 2009 വർഷത്തിൽ ലിറ്റിൽ മാസികയായിരുന്നു. അതിനുമുമ്പ് സൂചീമുഖി മാസികയിൽ മീനേച്ചിയുടെ പേജിൽ വന്ന പരാമർശത്തിൽ നിന്നാണ് റയാനെ കുറിച്ച് അറിയുന്നത്. ഇന്ത്യയിൽ റീഡേഴ്സ് ഡൈജസ്റ്റിലും റയാനെ കുറിച്ചുള്ള ലേഖനം വന്നിരുന്നു. പിന്നീട് തുടർന്നുവന്ന മറ്റൊരു ലക്കത്തിലും ലിറ്റിൽ മാസികയിൽ റയാന്റെ കഥ പ്രസിദ്ധീകരിച്ചിരുന്നു. അബ്ദുള്ളക്കുട്ടി എടവണ്ണ എഴുതിയ റയാന്റെ സംഭവബഹുലമായ ജീവിതകഥ ഇപ്പോൾ മാതൃഭൂമി ബുക്ക്സ് പുസ്തകമാക്കിയിരിക്കുന്നു. ലിറ്റിൽ മാസിക പോലെയുള്ള സമാന്തരമാസികകൾ മറ്റു പലരും ശ്രദ്ധിക്കാത്ത പല വിഷയങ്ങളും ജനശ്രദ്ധയിലേക്ക് കൊണ്ടുവരാറുണ്ട്. കൂടുതൽ പേരിലേക്ക് എത്തിക്കാനുള്ള വിഭവശേഷി ഇല്ലാത്തതുകൊണ്ട് കുറഞ്ഞ കോപ്പികളിൽ വളര കുറച്ചു പേരുടെ അടുത്തുമാത്രമാണ് ഇത്തരം വിഷയങ്ങൾ എത്തിപ്പെടുന്നത്. അതിൽ നിന്നും പ്രചോദനമുൾക്കൊണ്ട് വൻകിട പ്രസാധകൻമാർ ഇത്തരം രചനകൾ അവരുടെ മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ കൂടുതൽ വായനക്കാരിലേക്ക് എത്തിക്കുന്നത് സന്തോഷമുണ്ട്. ഇത്തരം ഒരുപാട് നല്ല അനുഭവങ്ങൾ ലിറ്റിൽ മാസികയ്ക്കുണ്ടായിട്ടുണ്ട്. വിഷയങ്ങൾ കണ്ടെത്തുകയും അവ പരിമിതമായ നിലയിൽ മാത്രം ചുരുക്കം വായനക്കാരിലേക്ക് എത്തിക്കുവാൻ മാത്രമേ ചെറിയ പ്രസിദ്ധീകരണങ്ങൾക്ക് കഴിയൂ. വലിയ പ്രസിദ്ധീകരണങ്ങളും പ്രസാധകൻമാരും നവസാമൂഹ്യ മാധ്യമങ്ങളും അവ ഏറ്റെടുത്ത് ഫലപ്രദമായി ജനങ്ങളിലേക്ക് എത്തിക്കുമ്പോൾ സമാന്തര മാസികാപ്രവർത്തനത്തിന് അർത്ഥവത്താകുന്നു. അതിനാൽ ലിറ്റിൽ മാസികയിൽ വരുന്ന ലേഖനങ്ങളോ കുറിപ്പുകളോ പരാമർശങ്ങളോ സ്വന്തം നിലയ്ക്ക് ഏറ്റെടുത്ത് പ്രചരിപ്പിക്കുന്നതിനും ആശയങ്ങൾ കൂടുതൽ വികസിപ്പിക്കുന്നതിനും എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

*-ലിമാ ഡെസ്ക്*




Prepare to do small things...
subscribe to Little Masika

Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act.) and Printed at A- One offset, Ramanattukara for Co-Operative Press Chungathara 679334